I-1

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 1

8.9.2009 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി

ചോദ്യം
ശ്രീ. പി.സി. ജോർജ് ;

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ തർക്ക വിഷയങ്ങൾ തീർക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കുമോ ;

ബി) ഈ പദ്ധതി തുടങ്ങാൻ തസ്സമായി ടീക്കോമുമായി നിലനില്ക്കുന്ന തർക്ക വിഷയങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(എ) യും (ബി) യും

സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്മാർട്ട്സിറ്റി, ടീകോം പ്രതിനിധികൾ ഈ സന്ദർഭത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി ടീകോം പ്രതിനിധികൾ പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ clause 5.4 സർക്കാർ മാനിക്കുമെന്ന് പലപ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം സർക്കാരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടി സ്മാർട്ട്സിറ്റി ടീകോമിനെ ക്ഷണിച്ചിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് പ്രോജക്ട് മുന്നോട്ട് കൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുകയാണ്.

സി) ഈ പദ്ധതി തുടങ്ങുവാനായി ടീക്കോമുമായി കേരള സർക്കാർ എന്താണ് കരാറിൽ ഏർപ്പെട്ടത് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

സി) 13.5.2007 ലാണ് ഫ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പിട്ടത്. ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.

ഡി) സ്മാർട്ട് സിറ്റി പദ്ധതി പണി ഏത് കാലയളവിൽ പൂർത്തീകരിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത് ;

ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ IT/ITeS ബിൽഡിംഗിന്റെ നിർമ്മാണം closing date ന് ശേഷം 90 ദിവസത്തിനകം തുടങ്ങേണ്ടതും അതിന്റെ പൂർത്തീകരണം Development Plan അനുസരിച്ച് ചെയ്യേണ്ടതുമാണ്.

ഇ) ഈ പദ്ധതിമൂലം എത്ര തൊഴില്‍ അവസരങ്ങള്‍ ഉണ്ടാകുമെന്നാണ് സര്‍ക്കാര്‍ വിലയിരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

ഇ) ഫ്രെയിംവര്‍ക്ക് എഗ്രിമെന്റ് പ്രകാരം സ്മാര്‍ട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി 90000 ല്‍ കുറയാത്ത തൊഴിലവസരങ്ങള്‍ ഉണ്ടാക്കാന്‍ Tecom പരമാവധി ശ്രമിക്കേണ്ടതാണ്.

സെക്ഷന്‍ ഓഫീസര്‍

അനുബന്ധം ലൈബ്രറിയില്‍ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -2 **08.09.2009 ൽ മറുപടിയ്ക്ക്.**

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി.</u>

<u>ചോദ്യം</u>

ശ്രീ. ബി. രാഘവൻ
ശ്രീ. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. പി.പി. കുഞ്ഞുണ്ണി.
പ്രൊഫ. സി. രവീന്ദ്രനാഥ്.

<u>ഉത്തരം</u>

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി )

(എ) ഓണം, റംസാൻ സീസണുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) ഓണം, റംസാൻ സീസണുകളിൽ പൊതുവിപണിയിലുണ്ടായേക്കാവുന്ന വിലക്കയറ്റം മുന്നിൽ കണ്ട് സപ്ളൈകോ ഭക്ഷ്യധാന്യവും നിത്യോപയോഗ സാധനങ്ങളും സ്റ്റോക്ക് ചെയ്തിരുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗര കേന്ദ്രങ്ങളിൽ അതി വിപുലമായ മെട്രോ പീപ്പിൾസ് ഓണം-റംസാൻ ബസാറുകൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ ജനങ്ങളുടെ വർദ്ധിച്ചുവന്ന ആവശ്യം പരിഗണിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിലും ഓണച്ചന്തകൾ സംഘടിപ്പിച്ചു. ജില്ലാ ആസ്ഥാനങ്ങളിൽ ടൗൺ പീപ്പിൾസ് ബസാറുകളും, താലൂക്ക് തലത്തിൽ ഓണച്ചന്തകളും തുറന്ന് പ്രവർത്തിച്ചിരുന്നു. ഈ പ്രത്യേക ചന്തകളിലും വിൽപ്പന ശാലകളിലും പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു. ഇത്തരത്തിൽ 500 പച്ചക്കറി വിൽപ്പന കേന്ദ്രങ്ങളിലൂടെ പൊതുവിപണിയെക്കാൾ 10 ശതമാനം വരെ വിലക്കുറവിൽ പച്ചക്കറി വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിനു പുറമേ സപ്ളൈകോയുടെ എല്ലാ വിൽപ്പന കേന്ദ്രങ്ങളും ഓണം മിനി ഫെയറുകളായി പ്രവർത്തിച്ചതുവഴി 1400 ഓണം വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. മൊത്തത്തിൽ 3000 - ൽപ്പരം വരുന്ന

ഔട്ട്‌ലെറ്റുകൾ വഴി സബ്‌സിഡി നിരക്കിൽ 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും 20 മുതൽ 60 ശതമാനം വരെ സബ്‌സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു വരുന്നു. ഓണം പ്രമാണിച്ചു നടത്തിയ വിൽപ്പനയിൽ 250 കോടിയോളം രൂപ വിറ്റു വരവ് ഉണ്ടായതായും ഇതിന് 20 കോടിയോളം രൂപ സബ്‌സിഡി ഇനത്തിൽ ചെലവായതായും കണക്കാക്കുന്നു. ഒന്നര കോടിയിൽപ്പരം ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയതായി കണക്കാക്കപ്പെടുന്നു. വിലക്കയറ്റം തടയാൻ സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഓണം പ്രമാണിച്ച് 26 ലക്ഷത്തോളം ബി.പി.എൽ കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് ബി.പി.എൽ കാർഡുടമകൾക്ക് സബ്‌സിഡിയോടെ കിലോക്ക് 2 രൂപാ നിരക്കിൽ 19 കിലോ അരിയും 6 കിലോ ഗോതമ്പും വിതരണം തുടരുന്നു. എ.പി.എൽ വിഭാഗത്തിലെ മത്സ്യത്തൊഴിലാളി, പട്ടികജാതി, പട്ടികവർഗ്ഗ, ആശ്രയ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരിയും, ഗോതമ്പും നൽകുന്നു. കൂടാതെ ഒരു ലക്ഷത്തോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് 12 കിലോ അരി സൗജന്യമായും വിതരണം ചെയ്തു. ഇതിനു പുറമേ എല്ലാ കാർഡുടമകൾക്കും റേഷൻ വിലയ്ക്ക് ഒരു കിലോ പഞ്ചസാരയും വിതരണം ചെയ്തിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ ഓണക്കാലത്തേയ്ക്ക് 24 മണിക്കൂർ പ്രവർത്തിച്ച സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചു നിരന്തരം കമ്പോളം നിരീക്ഷിച്ചിരുന്നു. കൂടാതെ റെയ്ഡുകളും പരിശോധനകളും ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

റംസാൻ പ്രമാണിച്ച് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, എന്നിവിടങ്ങളിൽ മെട്രോ പീപ്പിൾസ് ബസാറുകൾ തുറക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തെ ബസാർ 6.9.09 മുതലും മറ്റുള്ളവ 15.9.09 മുതലും പ്രവർത്തനം ആരംഭിക്കും. കൂടാതെ സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 47 ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ റംസാൻ മാർക്കറ്റുകളായി പ്രവർത്തിക്കും. റംസാൻ കാലത്ത് ആവശ്യമായ എല്ലാ സാധനങ്ങളും ഈ ചന്തയിൽ ഉണ്ടായിരിക്കും. കൂടാതെ റംസാൻ ഉത്സവ കാലത്ത് ആവശ്യമായി വരുന്ന സാധനങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സ്പെഷ്യൽ കിറ്റും മിതമായ നിരക്കിൽ വിതരണം ചെയ്യും. പൊതു വിപണിയിൽ 380 രൂപയോളം വില വരുന്ന സാധനങ്ങൾ അടങ്ങിയ കിറ്റ് [illegible] രൂപയ്ക്ക് ഒരു സൗജന്യ സമ്മാനം ഉൾപ്പെടെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യും.

(ബി) പുതുതായി എത്ര വിപണന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2009 വർഷത്തിൽ 17 മാവേലി സ്റ്റോറുകളും 31 സൂപ്പർ മാർക്കറ്റുകളും 7 മെഡിക്കൽ സ്റ്റോറുകളും ഒരു ഹൈപ്പർ മാർക്കറ്റും ആരംഭിച്ചിട്ടുണ്ട്.

(സി) ഓണം പ്രമാണിച്ച് എത്ര കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിപണിയിലെത്തിക്കാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഓണം പ്രമാണിച്ചു ഏകദേശം 320 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങളാണ് വിപണിയിൽ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഓണം സീസണിൽ എത്ര കോടി രൂപയുടെ വിൽപനയാണ് കോർപ്പറേഷൻ പ്രതീക്ഷിച്ചിരുന്നത്;

(ഡി) 210 കോടി രൂപയുടെ (വിൽപ്പന ലക്ഷ്യം) മൊത്തം വിറ്റു വരവാണ് പ്രതീക്ഷിച്ചിരുന്നത്.

(ഇ) കോർപ്പറേഷനിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഇ) ഗുണ നിലവാരം ഉറപ്പു വരുത്തിയ സാധനങ്ങളാണ് വിൽപ്പന കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നത്. ഇതിനായി പ്രത്യേക വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താവിന് ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ വാങ്ങിയ സാധനങ്ങൾ തിരിച്ചെടുക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

Ramlath

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 3 08/09/2009 -ൽ മറുപടിയ്ക്ക്

## ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണത്തിന് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ചന്ദ്രൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതിയിലും നിർമ്മാണ സാമഗ്രികളെ സംബന്ധിച്ചും പരിശീലനം നല്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ ഇതിനകം എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണരീതി, നിർമ്മാണ സാമഗ്രികൾ, അവയുടെ ഉൽപ്പാദനം ഇവ സംബന്ധിച്ച് പരിശീലനം നൽകുന്നുണ്ട്. ഇതിനോടകം 1743 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ പരിശീലനത്തിനാവശ്യമായ സിലബസ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഈ സിലബസ്സിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) | ഉണ്ട്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2007-ൽ കെട്ടിട നിർമ്മാണ യൂണിയനുകളിലെ തൊഴിലാളികളേയും, എഞ്ചിനീയർമാരേയും ഉൾക്കൊള്ളിച്ച് കെട്ടിട നിർമ്മാണ മേഖലയിൽ സിലബസ് രൂപീകരണത്തിന് ത്രിദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ആദ്യമായാണ് സാങ്കേതിക വിദഗ്ദ്ധരും തൊഴിലാളികളും ഒത്തിരുന്ന് ഒരു സിലബസ്സ് രൂപീകരിച്ചത്. അതുകൊണ്ടുതന്നെ ഈ സിലബസ്സിൽ സാങ്കേതികപരിജ്ഞാനവും പ്രായോഗിക പരിജ്ഞാനവും സമന്വയിപ്പിക്കാൻ സാധിച്ചു. ഇതിൽ താഴെപ്പറയുന്ന തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള സിലബസ്സാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>1. കരിങ്കൽപ്പണിയും, ഇഷ്ടികപ്പണിയും<br>2. മരപ്പണിയും, ഇരുമ്പു പണിയും<br>3. പ്രബലിത കോൺക്രീറ്റിന് ഉപയോഗിക്കുന്ന റി-ഇൻഫോഴ്സ്മെന്റ്<br>4. കോൺക്രീറ്റ് നിർമ്മാണം<br>5. സാനിറ്ററി ആന്റ് വാട്ടർ സപ്ളൈ വർക്സ്<br>6. ഇലക്ട്രിഫിക്കേഷൻ<br>7. സീഫ് (Cost Effective and Environment Friendly) ടെക്നോളജി പ്രയോജനങ്ങളും നിർമ്മാണ രീതിയും<br>8. തച്ചു ശാസ്ത്രവും ശാസ്ത്രീയ പഠനവും<br>9. നിർമ്മാണങ്ങൾ നടത്തുന്ന ഭൂമിയെക്കുറിച്ചുള്ള പഠനവും അടിത്തറ നിർമ്മാണവും<br>10. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനം |

Sundari Kunju

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 4

8.9.2009-ൽ മറുപടിയ്ക്ക്

## "ശബരിമലതീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീ. വി.ജെ.തങ്കപ്പൻ:<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ബി. ഡി. ദേവസ്സി: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി. |
| (എ) അടുത്ത സീസണിലെ ശബരിമല തീർത്ഥാടനത്തിന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;<br><br>(ബി) വിവിധ വകുപ്പുകളുടെ ഏകീകരിച്ച പ്രവർത്തനം ശബരിമല തീർത്ഥാടന കാലത്ത് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (എ) & (ബി) ശബരിമല തീർത്ഥാടകർക്ക് മുൻവർഷങ്ങളെക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുൻ ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.6.2009-ൽ വിവിധ വകുപ്പ് തലവന്മാരെയും ഉൾപ്പെടുത്തി ഒരു ഉന്നത തലയോഗം വിളിച്ചുചേർക്കുകയും പോലീസ് വകുപ്പ്, പൊതുമരാമത്ത്, ആരോഗ്യം, കെ.എസ്.ആർ.ടി.സി.,ജലവിഭവം, ദേവസ്വം ബോർഡ്, വനം വകുപ്പ്, സിവിൽ സപ്ലൈസ്, വിവിധ ജില്ലാ കളക്ടർമാർ എന്നിങ്ങനെ എല്ലാ പ്രധാന വകുപ്പുകളുടെയും ക്രമീകരണങ്ങൾ അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സുരക്ഷ ശക്തമാക്കുന്നത് സംബന്ധിച്ച് പഠിക്കുവാനായി 4ഐ.ജി. മാരടങ്ങുന്ന ഒരു ടീം ശബരിമല സന്ദർശിച്ച് വിലയിരുത്തിയിട്ടുണ്ട് നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ 2 കാർഡിയോളജി സെന്ററുകൾക്ക് സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. അപ്പാച്ചിമേ |

ടിനു മുമ്പ് ഒരു വിശ്രമ കേന്ദ്രവും പൂർത്തിയായി വരുന്നു. ശബരിമല ഉത്സവ നടത്തിപ്പിനുവേണ്ടി മാത്രം ഒരു ഉത്സവബഡ്ജറ്റ് തയ്യാറാക്കുവാൻ ചീഫ് കമ്മിഷണർ മുൻകൈയെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് 320 ടോയ്‌ലെറ്റ് ബ്ലോക്കുകൾ, പമ്പയിൽ 160 ടോയ്‌ലെറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 3 പ്രധാന കെട്ടിട ബ്ലോക്കുകൾ എന്നിവയുടെ പണികൾ ധ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ ശബരിമലയിലും പമ്പയിലും താമസസൗകര്യം വിപുലപ്പെടുത്തുന്നതിനും, കുടിവെള്ള സംഭരണികൾ വയ്ക്കുന്നതിനും, ഗാർബേജ് കമ്പോസ്റ്റിംഗ് ഷെഡുകൾ പണിയുന്നതിനും, സ്വാമി അയ്യപ്പൻ റോഡ് വീതി കൂട്ടുന്നതിനും, ചന്ദ്രാനന്ദൻ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. കടകളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കാൻ ഇത്തവണ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടോയ്‌ലെറ്റുകളുടെ ശുചിത്വം ഉറപ്പാക്കി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സുലഭ് ഇന്റർനാഷണൽ എന്ന സംഘടനയെ ബോർഡ് സമീപിച്ചിട്ടുണ്ട്. അരവണ വിതരണം സുഗമമാക്കാൻ ധനലക്ഷ്മി ബാങ്കുവഴി കൂപ്പണുകൾ വിതരണം ചെയ്യുവാനും സാധനങ്ങളുടെ ഗുണനിലവാരമുറപ്പാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡു പണികൾ യഥാസമയം പൂർത്തിയാക്കുവാനും, എല്ലാ റോഡുകളിലും ദിശാ സൂചികകളും മാർഗ്ഗനിർദ്ദേശങ്ങളും വയ്ക്കുവാനും നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്തു വകുപ്പിനോട് യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാലിന്യ ട്രീറ്റ്മെന്റ് നടത്തി നദീജല ശുചീകരണം നടത്തുവാനുള്ള നിർദ്ദേശങ്ങൾ, മറ്റു ജില്ലാതല ക്രമീകരണങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്നിവയും നൽകിയിട്ടുണ്ട്. കൂടാതെ പന്തളം, ചെങ്ങന്നൂർ, എരുമേലി എന്നീ പ്രദേശങ്ങളിൽ ചെയ്യേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.08.2009-ൽ വിളിച്ചുചേർത്ത 3 പ്രാദേശിക അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുദ്യോഗ

സ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലേക്കുള്ള റോഡുകളുടെ ഹെവിമെയിന്റനൻസ് പണികൾക്കായി 28 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പൊതുമരാമത്ത് വകുപ്പ് മുഖേന നൽകി കഴിഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള റോഡുകളുടെയും പാതകളുടെയും അറ്റകുറ്റപ്പണികൾ ദേവസ്വം ബോർഡ് തീർത്ഥാടന കാലത്തിന് മുമ്പ് പൂർത്തീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) ചെയർമാനായുള്ള ഉന്നതാധികാര സമിതിയുടെ കീഴിൽ പുരോഗമിച്ചു വരുന്നു.

(സി) തീർത്ഥാടകർക്ക് അപ്പം, അരവണ തുടങ്ങിയ പ്രസാദങ്ങൾ ബുദ്ധിമുട്ടില്ലാതെ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) പ്രസാദ വിതരണം കാര്യക്ഷമമാക്കാൻ പ്രസാദ കൂപ്പണുകൾ ധനലക്ഷ്മി ബാങ്കിന്റെ വിവിധ കൗണ്ടറുകൾ വഴി ദേവസ്വം ബോർഡ് വിതരണം ചെയ്യുന്നതാണ്. അരവണ പാക്കിംഗിന് ആവശ്യമായ കമ്പോസിറ്റ് കാനുകളുടെയും ലിഡ്ഡുകളുടെയും ലഭ്യതയ്ക്ക് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ശബരിമലയിൽ തീർത്ഥാടനത്തിന് എത്തുന്ന അന്യ സംസ്ഥാന തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സമ്മേളനം ചേരുകയുണ്ടായോ; വിശദമാക്കുമോ ?

(ഡി) ശബരിമല തീർത്ഥാടന സൗകര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെ യോഗം വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

Snlalhaon

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 5

08/09/2009 - ൽ
മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) പൊതു വിതരണ സമ്പദായം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്ര അലോട്ട്മെന്റുകൾ യാതൊരു വീഴ്ചയും കൂടാതെ വിട്ടെടുത്ത് വിതരണം ചെയ്തു വരുന്നു. എഫ്.സി.ഐ. ഗോഡൗണുകളിലും, മൊത്ത വ്യാപാര ഗോഡൗണുകളിലും വിതരണം നടക്കുന്ന ദിവസങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിച്ച് വിതരണം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന് മുമ്പിലും പുറകിലും "ഓൺ പി.ഡി.എസ്. റേഷൻ ഡ്യൂട്ടി" എന്ന സ്റ്റിക്കർ പതിപ്പിക്കുന്നത് നിർബന്ധമാക്കുകയും തിരിമറി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗോഡൗണുകളിൽ നിന്നെടുത്ത റേഷൻ സാധനത്തിൻെറ സീൽഡ് സാമ്പിൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുകയും സാമ്പിൾ പ്രകാരമുള്ള സാധനങ്ങൾ തന്നെയാണ് വിതരണം ചെയ്യുന്നത് എന്ന് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനയിലൂടെ ഉറപ്പ് വരുത്തുകയുംചെയ്യുന്നു. കൂടാതെ പൊതു വിതരണ കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തര പരിശോധനകൾ നടത്തി കുറ്റക്കാർ എന്ന് കാണുന്നവർക്കെതിരെ കർശനനടപടികൾ |

സ്വീകരിക്കുന്നു. പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് അറിവ് നൽകുന്നതിനായി ബഹു വർണ്ണ പോസ്റ്ററുകൾ അച്ചടിച്ച് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രതിമാസ അലോട്ട്മെന്റും ഓരോ കാർഡുടമയ്ക്കും അതാത് പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻ സാധനങ്ങളുടെ വിവരങ്ങളും പ്രമുഖ പത്രങ്ങളിലൂടെ ഓരോ മാസവും പ്രസ് റിലീസായി നൽകി വരുന്നുണ്ട്. പുതിയതായി ഏർപ്പെടുത്തിയ രണ്ട് രൂപ നിരക്കിലുള്ള അരിയുടെ വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് 3 സോണൽ മോണിറ്ററിങ് സെല്ലുകളും ജില്ലാതലത്തിൽ ജില്ലാ മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില്ലറ/മൊത്ത വിതരണ കേന്ദ്രങ്ങളിൽ ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചു കഴിഞ്ഞു. അതു മൂലം തൂക്കക്കുറവിനെ സംബന്ധിച്ച പരാതികൾ ഇല്ലാതായിട്ടുണ്ട്. പൊതു ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി കമ്മീഷണറുടെ മേൽനോട്ടത്തിൽ പരാതി പരിഹാര സെൽ പ്രവർത്തിച്ചു വരുന്നു. വകുപ്പു തലത്തിലുള്ള പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നു വരുന്നു.

കൂടാതെ സംസ്ഥാനത്തെ 14245 റേഷൻ കടകൾ നവീകരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 52 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചു കഴിഞ്ഞു.

റേഷൻ കടകളിൽ ഇലക്ട്രോണിക് യന്ത്രങ്ങൾ സ്ഥാപിച്ച് അളവും തൂക്കവും കൃത്യമായി പാലിച്ചു വരുന്നു. ഈ വർഷം മുതൽ 20 ലക്ഷം ബി.പി.എൽ. കാർഡ് ഉടമകൾക്കും കൂടാതെ പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി, ആശ്രയപദ്ധതിയിൽപ്പെടുന്നവർക്കും 2 രൂപക്ക് ഒരു കിലോ അരി വിതരണം നടപ്പിലാക്കി കഴിഞ്ഞു.

ബി) റേഷനരി വിഹിതത്തിൽ കേന്ദ്ര സർക്കാർ എന്തു മാത്രം വെട്ടിക്കുറവാണ് വരുത്തിയിട്ടുള്ളത് ;

(ബി) വെട്ടിക്കുറച്ച റേഷൻ അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് 05/06 | കുറച്ച മാസവും അനുവദിച്ച അളവും | കുറവ്/കൂടുതൽ (മെ.ടൺ) |
|---|---|---|---|
| എ.പി.എൽ. | 1,13,420 | 04/07 - 21334<br>04/08 - 17056 | (-)92086<br>(-)96364 |
| ബി.പി.എൽ. | 26593 | 10/06 - 26566 | (-)27 |
| എ.എ.വൈ | 18926 | 07/06 - 20855 | (+) 1929 |
| അന്നപൂർണ്ണ | 309.63 | 04/07 - 450 | (+) 140.37 |

സി) ഓണം പ്രമാണിച്ച് കൂടുതൽ അരിയും ഗോതമ്പും അനുവദിച്ചു കിട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഓണം പ്രമാണിച്ച് കൂടുതൽ അരിയും ഗോതമ്പും അനുവദിച്ചു കിട്ടുന്നതിന് കേന്ദ്ര സർക്കാരിനു നിവേദനം നൽകുകയും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയും ഭക്ഷ്യ സിവിൽ സപ്ലൈസ് സെക്രട്ടറിയും കമ്മീഷണറും കേന്ദ്ര മന്ത്രിമാരുമായി ചർച്ചനടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അരിയും ഗോതമ്പും കൂടുതലായി അനുവദിച്ചത്.

ഡി) ഓണക്കാലത്ത് റേഷനരിയും ഗോതമ്പും നിലവിലുള്ള റേഷൻ വിലയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ ;

(ഡി) നിലവിലുള്ള റേഷന് പുറമേ, ഓണക്കാലത്തേയ്ക്ക് 15,000 മെ.ടൺ ടൺ അരി എ.പി.എൽ. നിരക്കിലും, 35,000 മെ.ടൺ അരി ക്വിന്റലിന് 1388.06 രൂപ നിരക്കിലും 25,000 മെ.ടൺ ഗോതമ്പ് ക്വിന്റലിന് 1080 രൂപ നിരക്കിലും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഇ) എല്ലാ റേഷൻ കടകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) തെരഞ്ഞെടുത്ത റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി മാറ്റി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. ശബരി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -6. 08.09.2009 -ലെ മറുപടിയ്ക്ക്.

വിലക്കയറ്റം പിടിച്ചു നിർത്താൻ സാമ്പത്തിക സഹായം

**ചോദ്യം**

ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. കെ. രാജു
ശ്രീ. പി. തിലോത്തമൻ
ശ്രീ. കെ. അജിത്ത്.

(എ) രാജ്യത്താകമാനം അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് അനുഭവപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് വിലക്കയറ്റം പിടിച്ചു നിർത്താൻ സംസ്ഥാനത്തിന് പ്രത്യേക സാമ്പത്തിക സഹായം നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പ്രത്യേക സഹായം പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് എ.പി.എൽ കാർഡുടമകളുടെ വെട്ടിക്കുറച്ച ഭക്ഷ്യ ധാന്യങ്ങൾ പുനഃസ്ഥാപിച്ചു നൽകാമെന്ന് കേന്ദ്രത്തിലെ ഭക്ഷ്യ സഹമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ ആ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) ഉണ്ട്. രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് അനുഭവപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായിട്ട് പയറുവർഗ്ഗവും, മറ്റ് നിത്യോപയോഗ സാധനങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ കേന്ദ്രം നടപടി സ്വീകരിക്കണമെന്നും, പ്രതിവർഷം 600 കോടിയിൽ പരം കമ്പോള ഇടപെടലിനായി സംസ്ഥാനം ചെലവിട്ടുവരുന്നതിൽ 150 കോടി രൂപ കേന്ദ്രം ഗ്രാന്റായി നൽകണമെന്നും സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെകോൺഫറൻസിൽ കേരളം ആവശ്യപ്പെട്ടു.

(ബി) കേന്ദ്ര ഭക്ഷ്യവകുപ്പു സഹമന്ത്രിയുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം വെട്ടിക്കുറച്ച എ.പി.എൽ വിഹിതം പുഃനസ്ഥാപിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. വീണ്ടും സംസ്ഥാന ഭക്ഷ്യ വകുപ്പു മന്ത്രി കേന്ദ്രസഹമന്ത്രിയെ കണ്ട് അഭ്യർത്ഥന നടത്തിയിട്ടുണ്ട്.

(സി) ഓണം, റംസാൻ തുടങ്ങിയവ പ്രമാണിച്ച് കേന്ദ്രം കഴിഞ്ഞ വർഷം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെയും, പഞ്ചസാരയുടേയും തോതിൽ ഇപ്പോൾ വെട്ടിക്കുറവു വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം ; വിലയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യത്യാസം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ; ഇതു പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

(സി) കഴിഞ്ഞ വർഷം 10000 മെട്രിക് ടൺ എ.പി.എൽ. അരിയും 20,000 മെട്രിക് ടൺ എ.പി.എൽ ഗോതമ്പുമാണ് ഫെസ്റ്റിവൽ സീസണിലേക്ക് അഡ്ഹോക്ക് അലോട്ട്മെന്റായി അനുവദിച്ചത്. 2009 ഓണം, റംസാൻ ഫെസ്റ്റിവൽ അഡ്ഹോക്ക് അലോട്ട്മെന്റായി 15000 മെട്രിക് ടൺ എ.പി.എൽ അരിയും 35000 മെട്രിക് ടൺ അരി എക്കണോമിക് കോസ്റ്റ് നിരക്കിലും 25000 മെട്രിക് ടൺ ഗോതമ്പ് ടണ്ണിന് 10,800/- രൂപ നിരക്കിലുമാണ് അലോട്ട് ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാർ ഓണം പ്രമാണിച്ച് കേരള സംസ്ഥാനത്തിന് 35000 ടൺ അരി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഓണം, റംസാൻ പ്രമാണിച്ച് കേന്ദ്രം കഴിഞ്ഞ വർഷം (2008) 7100 മെട്രിക് ടൺ ലെവി പഞ്ചസാര സ്പെഷ്യൽ ക്വോട്ടയായി സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഈ വർഷം സ്പെഷ്യൽ ക്വോട്ടയായി 3600 മെട്രിക് ടൺ മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ലെവി പഞ്ചസാര സ്പെഷ്യൽ ക്വോട്ട അനുവദിച്ചതിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 3500 മെട്രിക് ടണ്ണിന്റെ കുറവുണ്ടായിട്ടുണ്ട്. വിലയിൽ വ്യത്യാസമുണ്ടായിട്ടില്ല. ബി.പി.എൽ കാർഡുടമകൾക്കുള്ള പഞ്ചസാര അലോട്ടുമെന്റിൽ (4113.20 മെട്രിക് ടൺ) ഇതുവരെ കുറവു വരുത്തിയിട്ടില്ല. പ്രതിമാസം കേന്ദ്രസർക്കാർ അനുവദിക്കുന്ന 4113.20 മെട്രിക് ടൺ പഞ്ചസാര മില്ലുകളിൽ നിന്നും വിട്ടെടുത്ത് സംസ്ഥാനത്തെ ബി.പി.എൽ. റേഷൻ കാർഡുടമകൾക്ക് നൽകുന്നതിനായി റേഷൻ കടകൾക്ക് മുടക്കമില്ലാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകി വരുന്നു. എന്നാൽ ജനുവരി, ഫെബ്രുവരി, മാർച്ച്, ജൂൺ 2009 അലോട്ട്മെന്റിൽ മില്ലുകളിൽ സ്റ്റോക്കില്ലാത്ത കാരണത്താൽ 6356.40 മെട്രിക് ടൺ പഞ്ചസാര സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടെടുക്കാൻ സാധിച്ചിരുന്നില്ല. ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജൂൺ മാസത്തെ 4113.20 മെട്രിക് ടൺ പഞ്ചസാരയുടെ റീ അലോട്ട്മെന്റ്

ഇപ്പോൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മില്ലുകളിൽ നിന്നും വിട്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി 2243.20 മെട്രിക് ടൺ പഞ്ചസാരയുടെ റീ അലോട്ട്മെന്റ് ഇതുവരെ ലഭിച്ചിട്ടില്ല. റീ അലോട്ട്മെന്റ് താഴെ പറയുന്ന പ്രകാരമാണ് ലഭിക്കുവാനുള്ളത്.

| | | |
|---|---|---|
| ജനുവരി 2009 | - 1113.20 | മെ.ടൺ. |
| ഫെബ്രുവരി 2009 | - 1008.20 | മെ.ടൺ |
| മാർച്ച് 2009 | - 121.80 | മെ. ടൺ |
| ആകെ | - 2243.20 | മെ.ടൺ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7 08..09..2009-ൽ മറുപടിയ്ക്ക്

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.കെ. ലതിക:<br>ശ്രീ. പി. അയിഷാ പോറ്റി:<br>ശ്രീ. എം. ഹംസ:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ഭവന നിർമ്മാണ ബോർഡിന്റെ പുനരുദ്ധാരണത്തിന് സമഗ്രമായ ഒരു പരിപാടി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ, കൊച്ചി മറൈൻ ഡ്രൈവിലെ 17.90 ഏക്കർ സ്ഥലവും തിരുവനന്തപുരം ആക്കുളത്തെ 14.70 ഏക്കർ സ്ഥലവും കോഴിക്കോട് മെഡിക്കൽ കോളേജ്, കലൂർ, മുളംകുന്നത്തുകാവ് എന്നിവിടങ്ങളിലെ 16 ഏക്കർ സ്ഥലവും മറ്റ് 15 പ്ലോട്ടു കളിലായി 12 ഏക്കർ സ്ഥലവും ഉപയോഗപ്പെടുത്തി പാർപ്പിട വാണിജ്യ സമുച്ചയങ്ങൾ പണിയുന്നതിനുള്ള സംയുക്ത സംരംഭങ്ങൾക്കാണ് പ്രധാനമായും തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ 2060 കോടി രൂപയുടെ നിക്ഷേപത്തിന് തുടക്കം കുറിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>ഭവനനിർമ്മാണ ബോർഡിന്റെ ഹഡ്കോയ്ക്കുള്ള കുടിശ്ശിക അടയ്ക്കുന്ന |

തിനായി 2009-2010 സാമ്പത്തിക വർഷത്തെ സപ്ലിമെൻററി ഡിമാൻറ് ഫോർ ഗ്രാൻറിൽ ഉൾപ്പെടുത്തി 255 കോടി രൂപ വായ്പയായി ഭവന നിർമ്മാണ ബോർഡിന് നല്കി. ഹഡ്കോയുമായുള്ള കുടിശ്ശിക പ്രശ്നങ്ങൾക്ക് പ്രാഥമിക പരിഹാരമുണ്ടാക്കി. ഈ വായ്പ സംയുക്ത സംരംഭങ്ങളിലൂടെ സമാഹരിക്കുന്ന മുൻകൂർ തുകകളിൽ നിന്ന് സർക്കാരിന് തിരിച്ചു നൽകേണ്ടതുണ്ട്. ഹഡ്കോയുടെ കുടിശ്ശിക തീരുന്നതോടെ ഹൗസിംഗ് ബോർഡ് വീണ്ടും വായ്പയ്ക്ക് അർഹമാകും.

20.3.2009 ലെ നം. 12/2009/ഭവനം എന്ന സർക്കാർ ഉത്തരവിലൂടെ ബോർഡിൻെറ കൈവശം കൊച്ചിയിൽ മറൈൻ ഡ്രൈവിലുള്ള ഭൂമിയും മറ്റ് പ്രധാന സ്ഥലങ്ങളിലുള്ള വസ്തുവകയും പബ്ലിക്-പ്രൈവറ്റ് പാർട്ട്നർ ഷിപ്പിലൂടെ (PPP) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി കൺസൾട്ടൻറുകളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ ബോർഡിന് അനുവാദം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കൺസൾട്ടൻറുകളെ തെരഞ്ഞെടുക്കുന്നതിനായി 24.9.2009 ൽ അവസാന തീയതിയായി താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ബോർഡിനെ സുഗമമായി പുനരുദ്ധരിക്കുന്നതിന് വേണ്ടി മറ്റ് സ്ഥലങ്ങൾക്കുള്ള പങ്കാളികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Build Share

| | | |
|---|---|---|
| | | Transfer രീതിയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ബോർഡിന് അനുവാദം നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| ബി) | ബോർഡ് ഇപ്പോൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | ബി) നഗര വികസനത്തിന്റെ ഭാഗമായി നഗര പ്രാന്തത്തിൽ വസിക്കുവാൻ നിർബന്ധിതരായതും താഴ്ന്ന വരുമാനക്കാരുമായ നഗരത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു വേണ്ടി 'ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം' പ്രകാരം എറണാകുളം ജില്ലയിലെ തൃക്കാകരയിൽ 36 ഫ്ലാറ്റുകളുടെയും തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ 16 ഫ്ലാറ്റുകളുടെയും നിർമ്മാണം ഏറ്റെടുത്ത് നടത്തി വരുന്നു. സുനാമി ദുരിതാശ്വാസ പദ്ധതിയിലുള്ള ഭവന നിർമ്മാണ പദ്ധതിയുടെ നോഡൽ ഏജൻസിയായി ബോർഡ് പ്രവർത്തിക്കുന്നു. ഇതിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഭവന നിർമ്മാണം ബോർഡ് നേരിട്ട് നടപ്പിലാക്കുന്നു. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായി 270 വീടുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. പട്ടികജാതി വികസന വകുപ്പിന് വേണ്ടി 7 ജില്ലകളിൽ 1651 വീടുകളുടെ പണി പൂർത്തിയാക്കി. 161 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടത്തിലാണ്. കൂടാതെ മറ്റ് സർക്കാർ/അർദ്ധ-സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളുടെ കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനോടൊപ്പം കരാർ വ്യവ |

സ്ഥയിലും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

| | | |
|---|---|---|
| സി) | സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി പാർപ്പിട വാണിജ്യ സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | സി) സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി പാർപ്പിട വാണിജ്യ സമുച്ചയങ്ങൾ ആരംഭിക്കാനുള്ള പദ്ധതികളുടെ ഭാഗമായി കൊച്ചിയിൽ മറൈൻ ഡ്രൈവിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ആഗോളതലത്തിലുള്ള സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും കൺസൾട്ടൻറിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഏതെല്ലാം സ്ഥലങ്ങളിലാണ് സംയുക്ത സംരംഭങ്ങൾക്ക് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) ബോർഡിൻെറ ഉടമസ്ഥതയിലുള്ള കൊച്ചി മറൈൻ ഡ്രൈവ്, തിരുവനന്തപുരത്ത് ആക്കുളം, കോഴിക്കോട് മെഡിക്കൽ കോളേജ്, എറണാകുളത്ത് കലൂർ, തൃശ്ശൂർ മുളം കുന്നത്ത് കാവ് മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലുള്ള 12 ഏക്കർ സ്ഥലത്തും സംയുക്ത സംരംഭമായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രവർത്തന പരിചയമുള്ള കൺസൾട്ടൻറിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ തിരുവനന്തപുരത്ത് പണ്ഡിറ്റ്സ് കോളനി, പി.റ്റി. ചാക്കോ നഗർ (ഉള്ളൂർ), പട്ടം, ജഗതി, അമ്പല നഗർ, എറണാകുളത്തുള്ള പനമ്പിള്ളി നഗർ, കുമാരനാ |

ശാൻ നഗർ, തൃക്കാക്കര, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, കോഴിക്കോട് ചേവരമ്പലം എന്നീ സ്ഥലങ്ങൾ **Build Share Transfer** എന്ന രീതിയിൽ സംയുക്ത സംരംഭമായി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

Sreedevi Kunja

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 8 | 8.9.2009 ൽ<br>മറുപടിയ്ക്ക് |

**<u>ബി.പി.എൽ കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി ;<br>ശ്രീ.എം.ചന്ദ്രൻ ;<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ ;<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഈ ഓണക്കാലത്ത് ബി.പി.എൽ കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | എ) ഓണക്കാലത്ത് സംസ്ഥാനത്ത് 31.8.2009 വരെ 17,70,361 കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം സാധനങ്ങളാണ് കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) ഓരോ സൗജന്യ ഓണക്കിറ്റുകളിലും താഴെപ്പറയുന്ന സാധനങ്ങൾ അടങ്ങിയിട്ടുണ്ട്.<br>അരി - 2 കിലോഗ്രാം<br>പഞ്ചസാര - 500 ഗ്രാം<br>തേയില - 100ഗ്രാം<br>മുളക് - 200ഗ്രാം |
| സി) ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനായി സപ്ലൈകോ എത്ര ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്; | സി) സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിലേക്കായി 31.8.09 വരെ 1770361 കിറ്റിന്, കിറ്റൊന്നിന് 73 രൂപ പ്രകാരം 12,92,36,353 രൂപ സപ്ലൈകോയ്ക്ക് ചെലവായിട്ടുണ്ട്. |
| ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബി.പി.എൽ വിഭാഗ ത്തിന് കുറഞ്ഞ നിരക്കിൽ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ഡി) ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് അരി, ഗോതമ്പ്, പഞ്ചസാര, ഫോർട്ടിഫൈഡ് ആട്ട, മണ്ണെണ്ണ എന്നീ ഉൽപന്നങ്ങൾ ആണ് വിതരണം നടത്തിവരുന്നത്. 22.5.09 മുതൽ ബി.പി.എൽ കാർഡുടമകൾക്ക് അരിയും ഗോതമ്പും 2/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. |
| ഇ) ബി.പി.എൽ വിഭാഗത്തിന് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട അരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) ബി.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള അരി തന്നെയാണ് വിതരണം ചെയ്തു വരുന്നത്. ഇത് തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 9

08.09.09-ൽ
മറുപടിക്ക്

**അന്ത്യോദയ പദ്ധതിയിലുൾപ്പെടുത്തേണ്ടവരുടെ ലിസ്റ്റ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)** |
| (എ) | **ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം (എ) അന്ത്യോദയ പദ്ധതി പ്രകാരം പുതുതായി പദ്ധതിയിലുൾ പ്പെടുത്തേണ്ടവരുടെ ലിസ്റ്റ് നൽകണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടി രുന്നുവോ;** | **ആവശ്യപ്പെട്ടിട്ടില്ല.** |
| (ബി) | **എങ്കിൽ എന്ന് എത്ര പേരുടെ ലിസ്റ്റ് നൽകണമെന്നാണ് കേന്ദ്രം ആവശ്യ പ്പെട്ടത്;** | (ബി), (സി), (ഡി), (ഇ) & (എഫ്).<br>**ബാധകമല്ല.** |
| (സി) | **ഏത് തീയതിക്ക് മുമ്പ് ഈ ലിസ്റ്റ് നൽകണമെന്നാണ് കേന്ദ്രം ആവശ്യ പ്പെട്ടത്; ഈ ലിസ്റ്റ് നൽകിയോ;** | |
| (ഡി) | **ഈ ലിസ്റ്റ് നൽകാൻ വേണ്ട വിവരങ്ങൾ ആരാണ് തരേണ്ടത്;** | |
| (ഇ) | **ഈ ലിസ്റ്റ് കേന്ദ്രത്തിന് സമർപ്പിക്കു വാൻ കാലതാമസമുണ്ടായതിന് കാരണമെന്ത്;** | |
| (എഫ്) | **ഈ ലിസ്റ്റ് അനുസരിച്ചാണോ ഇപ്പോൾ അന്ത്യോദയ പദ്ധതിപ്രകാരം അരി നൽകുന്നത്** | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10 08..09..2009-ൽ മറുപടിയ്ക്ക്

ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം.കെ. പ്രേംനാഥ്:<br>ശ്രീ. കെ.പി. മോഹനൻ:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ദൗർലഭ്യവും കാരണം ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പിടിച്ച് നിർത്താനും, ദൗർലഭ്യം പരിഹരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ? | ബി) ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പിടിച്ചു നിർത്താനും ദൗർലഭ്യം പരിഹരിക്കാനുമായി എല്ലാ ജില്ലകളിലും കെട്ടിട നിർമ്മാണ സാമഗ്രികളുടെ 'കലവറ' ന്യായവില വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റേയും ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റേയും സംയുക്ത സംരംഭമായി തൃശൂരിലും, ആലപ്പുഴയിലും കലവറയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന മണൽ സാധാരണക്കാർക്ക് ന്യായ വിലയ്ക്ക് കലവറയിലൂടെ നല്കി വരുന്നു. കൂടാതെ വനം വകുപ്പിന്റെയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റേയും സംയുക്ത സംരംഭമായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ തുടങ്ങിയ 'കലവറ' വഴി മണൽ ന്യായ വിലയ്ക്ക് നല്കി വരുന്നു.

Sreedevi Kunj

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 — 8.9.2009 ൽ മറുപടിയ്ക്ക്

## ഐ.ടി മേഖലയുടെ വികസനം

**ചോദ്യം**

ശ്രീ. സി.എം. ദിനേശ് മണി ;
ശ്രീ. ആനത്തലവട്ടം ആനന്ദൻ ;
ശ്രീ. ബാബു എം. പാലിശ്ശേരി ;
ശ്രീ. സാജു പോൾ ;
ശ്രീ. വി. ശശികുമാർ ;

എ) ഐ.ടി. മേഖലയുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

ബി) എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഇതിനകം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

സി) പുതുതായി ആരംഭിക്കുന്ന ഐ.ടി. പാർക്കുകളിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും

ഐ.ടി.വ്യവസായ രംഗത്തെ വളർച്ചയുടെ നിരക്ക് കണക്കിലെടുത്ത് ഈ രംഗത്തെ തൊഴിലവസരങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ വേണ്ടി സംസ്ഥാന സർക്കാർ സമഗ്രമായ ഐ.ടി.നയം 2007 ൽ പ്രഖ്യാപിക്കുകയും ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ സംസ്ഥാനത്ത് വിപുലമായി നടപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയും ചെയ്യുന്നു. ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള വിവര വിനിമയ സാങ്കേതിക വളർച്ചയാണ് ഐ.ടി. നയം വിഭാവനം ചെയ്യുന്നത്.

കൊല്ലം, ആലപ്പുഴ (ചേർത്തല, അമ്പലപ്പുഴ), കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നി ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആലപ്പുഴ (ചേർത്തല, അമ്പലപ്പുഴ), കാസർഗോഡ്, കണ്ണൂർ, കൊല്ലം എന്നി ജില്ലകളിലെ ഐ.ടി. പാർക്കുകൾക്ക് സെസ്സ് അനുമതി ലഭിച്ചിട്ടുണ്ട്. കൊല്ലം, ചേർത്തല, അമ്പലപ്പുഴ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കണ്ണൂരിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പാർക്കിനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ കോഴിക്കോട് ആസ്ഥാനമായി സൈബർ പാർക്ക് കോഴിക്കോട് എന്ന പേരിൽ ഒരു സൊസൈറ്റിയും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ കയ്ക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകൾ വക കെട്ടിടങ്ങളിൽ ടെക്നോലോഡ്ജ് തുടങ്ങാനും അനുമതി നൽകികഴിഞ്ഞു.

ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം, ടെക്നോസിറ്റി പദ്ധതി, ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസന പരിപാടികൾ തുടങ്ങിയവ നടന്നുവരുന്നു. ഐ.ടി. മേഖലയിൽ സമർത്ഥരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് സഹായകരമാകുന്ന മാതൃകാ ഫിനിഷിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചു കഴിഞ്ഞു. കൊച്ചിയിലും ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ മാസ് എച്ച്. ആർ. പ്രോഗ്രാം നടപ്പിലാക്കാൻ അനുമതി നല്കിയിട്ടുണ്ട്.

സ്വതന്ത്ര സോഫ്റ്റ്‌വെയറിനും സ്വതന്ത്ര അറിവിനും വേണ്ടിയുള്ള ഒരു അന്താരാഷ്ട്ര കേന്ദ്രം (International Centre for Free & Open Source Software) ആരംഭിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി PPP മോഡലിൽ ഒരു ICT അക്കാദമി ആരംഭിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിവരാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പി-ക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CEBIT, ദുബായിൽ നടക്കുന്ന GITEX എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പുതുതായി ആരംഭിക്കുന്ന ഐ.ടി. പാർക്കുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; | ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | ഈ വർഷം ഏതെല്ലാം ഐ.ടി. പാർക്കുകൾ പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ? | ഇ) | തൃശൂർ ജില്ലയിലെ കൊരട്ടിയിൽ ആരംഭിക്കുന്ന ഐ.ടി. പാർക്കിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ഈ വർഷം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -12 **08.09.2009** - ൽ മറുപടിയ്ക്ക്

<u>സൗജന്യ ഓണക്കിറ്റുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്തുള്ള ബി.പി.എൽ. കാർഡുടമകൾക്ക് ഓണക്കിറ്റുകൾ സൗജന്യമായി നൽകുകയുണ്ടായോ ; | (എ) സൗജന്യ കിറ്റുകൾ നൽകിയിട്ടുണ്ട്. |
| (ബി) നിലവിലുള്ള റേഷൻ കാർഡുകൾപ്രകാരം ബി.പി.എൽ. വിഭാഗത്തിൽ വരുന്നവർക്കാണോ സൗജന്യകിറ്റുകൾ നൽകിയത് ; | (ബി) അതെ. |
| (സി) സൗജന്യ കിറ്റുകളിൽ എന്തെല്ലാം ധാന്യങ്ങൾ എത്ര കിലോ വീതം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (സി) ഓരോ സൗജന്യകിറ്റിലും രണ്ട് കിലോഗ്രാം അരി, 500 ഗ്രാം പഞ്ചസാര, 100 ഗ്രാം തേയില, 200 ഗ്രാം മുളക് എന്നിവ ഉണ്ടായിരുന്നു. |
| (ഡി) അതിലുണ്ടായിരുന്ന ഓരോ സാധനത്തിന്റെയും വാങ്ങിയ വില എന്തായിരുന്നുവെന്ന് വിശദമാക്കാമോ ? | (ഡി) സൗജന്യകിറ്റുകളിലുണ്ടായിരുന്ന സാധനങ്ങളുടെ വാങ്ങിയ വില താഴെ കൊടുക്കുന്നു. |

| | | |
|---|---|---|
| അരി | - | 34 രൂപ |
| പഞ്ചസാര | - | 13 രൂപ |
| തേയില | - | 11 രൂപ |
| മുളക് | - | 12 രൂപ |
| ആകെ | - | 70രൂപ |

(പാക്കിംഗ് ചാർജ്ജ് - 3 രൂപ)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ:13.

08..09..2009-ൽ മറുപടിക്ക്

### ''ക്ഷീരസഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ''

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എൻ. വാസവൻ എം.എൽ.എ.**<br>**ശ്രീ. പി. ജയരാജൻ എം.എൽ.എ.**<br>**ശ്രീ. ജോർജ്ജ് എം. തോമസ് എം.എൽ.എ.**<br>**ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ.**<br>**ശ്രീ. എ.എം. യൂസഫ് എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) ക്ഷീരസഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഈ സർക്കാർ വന്ന ശേഷം പുതുതായി എത്ര ക്ഷീര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) **ക്ഷീരസഹകരണ** സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ക്ഷീരസഹകരണ സംഘങ്ങളിലും ഘട്ടംഘട്ടമായി ആട്ടോമേഷൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളുടെ പാൽ സംഭരണത്തിന് കമ്പ്യൂട്ടറൈസ്ഡ് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും, ഇതിനായി പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഇലക്ട്രോണിക് മിൽക്കോ ടെസ്റ്റർ, രാസവസ്തുക്കൾ, ഇലക്ട്രോണിക് ത്രാസ്സുകൾ തുടങ്ങിയവ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. ഇതുമൂലം കർഷകരിൽ നിന്നുള്ള പാൽ സംഭരണം സുതാര്യവും കുറ്റമറ്റതാകുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ. സംഘങ്ങളിൽ സംഭരിക്കുന്ന പാൽ ശീതീകരിക്കുന്നതിനായി തെരഞ്ഞെടുത്ത സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിക്കുന്നതിനും പാൽ ശേഖരണ മുറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. പുതുതായി തുടങ്ങുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് പ്രവർത്തനാരംഭ ധനസഹായവും, പ്രവർത്തനം നിലച്ചുപോയ |

| | | |
|---|---|---|
| | | സംഘങ്ങൾക്ക് പുനരുദ്ധാരണ ധനസഹായവും ലഭ്യമാക്കുന്നു. മാത്രമല്ല, ക്ഷീരസഹകരണ സംഘം ജീവനക്കാരുടെയും ഭരണ സമിതി അംഗങ്ങളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റൻസീവ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ക്ലീൻ മിൽക്ക് പ്രോഗ്രാം, പ്രത്യേക ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കർഷകർക്കും സംഘങ്ങൾക്കും ആവശ്യമായ സഹായങ്ങൾ നൽകി വരുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമെ, പ്രാഥമിക ക്ഷീരസഹകരണസംഘം ജീവനക്കാർക്ക് ഏകീകൃത സ്റ്റാഫ് പാറ്റേണും സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക വഴി ക്ഷീരസഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുവാൻ സഹായകരമായിട്ടുണ്ട്. ഈ സർക്കാർ വന്ന ശേഷം നാളിതുവരെ 176 ക്ഷീരസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ക്ഷീരകർഷകർക്ക് ക്ഷേമനിധി രൂപീകരിച്ചതിനുശേഷം ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) ക്ഷീരകർഷകർക്ക് ക്ഷേമനിധി രൂപീകരിച്ചതിനുശേഷം സംഘത്തിൽ അംഗങ്ങളുടെ എണ്ണത്തിലും പാൽ ശേഖരണത്തിന്റെ തോതിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ഡി) | വനിതാ ക്ഷീരോൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) ആലപ്പുഴ ജില്ലയിൽ അരൂർ കേന്ദ്രമാക്കി ഒരു ക്ഷീരോല്പന്ന നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിനും അതിന്റെ ആഭിമുഖ്യത്തിൽ 70 വനിതാ ക്ഷീരോല്പന്ന യൂണിറ്റുകൾ തുടങ്ങുന്നതിനും നടപടി പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14

08.09.09-ൽ മറുപടിക്ക്

### പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു വിപണിയിലെ വിലക്ക യറ്റം നിയന്ത്രിക്കുന്നതിന് ഏതെല്ലാം രീതിയിലുള്ള ഇടപെട ലുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വില നിയന്ത്രണം ലക്ഷ്യമാക്കി യുള്ള ഇത്തരം ഇടപെടലുകൾ ഫലപ്രദമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതി വിശേഷത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി അവശ്യ സാധന നിയമം പ്രാബല്യ ത്തിലാക്കി വിലനിലവാരം പിടിച്ചു നിർത്താൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ)യും (ബി)യും (സി)യും (ഡി)യും

സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിലൊട്ടാകെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ലേബർ ബ്യൂറോ, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം വിലക്കയറ്റത്തിന്റെ കാര്യത്തിൽ കേരളം 16-ാമത് സ്ഥാനത്താണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 40 % വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. അരി വില വർദ്ധനയെ തുടർന്ന് എല്ലാ വില്പന ശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തു വരുന്നു. 2009 ജൂലൈ മാസം വരെ 1,49,360 ടൺ അരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി അരി വില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. മൂന്നുവർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ 1 കോടി യിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നുവെന്നതിന്റെ ഉത്തമോദാഹരണമാണ്. ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന

ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങളും ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണ നിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയമായ വില നിർണ്ണയ സംവിധാനം ഏർപ്പെടുത്തുക വഴി വിപണി യിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാ നായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. എ.ആർ.ഡി ശബരി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേല്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതു വിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. വിലക്കുറവിന്റെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനായി 250 സൂപ്പർ മാർക്കറ്റുകളും 50 മാവേലി സ്റ്റോറുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കാനും അതുവഴി വിപണി വിഹിതം 35% ആയി വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനു പുറമേ ഓണക്കാലത്ത് പ്രത്യേക ചന്തകളും തുറന്നു പ്രവർത്തിപ്പിച്ചു. ഓണ ചന്തകളിൽ അവശ്യസാധനങ്ങളെ കൂടാതെ പച്ചക്കറികളും പൊതു വിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട വില്പന ശാലകളിൽ പച്ചക്കറികളും കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. സംസ്ഥാനത്തൊട്ടാകെ 500 പച്ചക്കറി വിതരണ കേന്ദ്രങ്ങൾ ഇത്തരത്തിൽ പ്രവർത്തിപ്പിച്ചു. കൂടാതെ ഈ ഓണക്കാലത്ത് സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി ഓണക്കിറ്റുകൾ നൽകി. അരി, പഞ്ചസാര, തേയില, മുളക് എന്നീ സാധനങ്ങൾ ഉണ്ടായിരുന്നു. ഇതിനു പുറമേ ഒരു കുടുംബത്തിന് 12 കിലോഗ്രാം അരി സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. വില നിയന്ത്രണം ലക്ഷ്യമാക്കിയുള്ള ഇത്തരം ഇടപെടലുകൾ ഫലപ്രദമാകുന്നുണ്ട്. സപ്ലൈകോ വിൽപ്പന ശാലകൾ വഴി അവശ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ ശരാശരി 40% ശതമാനം വരെ വിലക്കുറവി ലാണ് ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തിവരുന്നത്.

ബി.പി.എൽ, എ.പി.എൽ വിഭാഗത്തിലെ എസ്‌സി/എസ് ടി. മത്സ്യ തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽപ്പെട്ടവർ എന്നിവർക്കും കിലോ ഗ്രാമിന് 2 രൂപാ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നുണ്ട്. ആയതിനാൽ വില നിയന്ത്രിക്കുന്നതിനും നിലവിലുള്ള മാർക്കറ്റ് ഇടപെടലും ഇതര നടപടികളും ഫലപ്രദമാണ്. കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പും എന്നിവ തടയുന്നതിനായി ഈ വകുപ്പും റ്റെയ്യും മറ്റു വകുപ്പുകളുമായി ചേർന്നും നിരന്തരം പൊതു വിപണിയിൽ പരിശോധനകൾ നടത്തിവരുന്നു. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഉപഭോക്ത്യാപദേശക വിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമായി പ്രവർത്തിച്ചുവരുന്നുണ്ട്. പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും അവശ്യ വസ്തുക്കളുടെ വരവും സുഗമമാക്കുന്നതിന് പുറമെ സപ്ളൈകോയുടെ വിപണന ശാലകൾ വഴിയും, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ്. വിശേഷാവസരങ്ങളിൽ തുറക്കുന്ന പ്രത്യേക ബസാറുകൾ എന്നിവയിലൂടെയും നിത്യോപയോഗ സാധനങ്ങൾ വളരെ വിലകുറച്ച് ലഭ്യമാക്കുന്നുണ്ട്. എന്നാൽ വില നിയന്ത്രണം കൂടുതൽ ഫല പ്രദമാകുന്നതിന് കേന്ദ്ര സർക്കാർ പയറു വർഗ്ഗങ്ങൾ ഉൾപ്പെടെ ഉള്ള എല്ലാ അവശ്യ സാധനങ്ങളും കേന്ദ്രീകൃതമായി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്. കൂടാതെ ഭക്ഷ്യ ഉത്പാദക സംസ്ഥാനങ്ങളിൽ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനുള്ള നടപടികൾ എടുക്കണം. മാത്രമല്ല കൃഷി ലാഭകരമാക്കുന്നതിനും ഉത്പാദന ക്ഷമത കൂട്ടുന്നതിനുമുള്ള നടപടികൾ കേന്ദ്ര സർക്കാർ എടുക്കേണ്ടതാണ്. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായ അവശ്യസാധന നിയമം ഇപ്പോൾ പ്രാബല്യ ത്തിലുള്ളതും ആയതു പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതും ആണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 15 08 - 09 - 2009 ൽ മറുപടിക്ക്

## പ്രവാസി ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. എം . പ്രകാശൻ മാസ്റ്റർ : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസികൾക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതി പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) പ്രവാസികൾക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന് ആധികാരിക വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| (ബി) ആഗോള സാമ്പത്തിക മാന്ദ്യം മൂലം ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കാനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുളളത്; ഇവയിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; | (ബി) ആഗോള സാമ്പത്തിക മാന്ദ്യം മൂലമുളള പ്രവാസികളുടെ തിരിച്ചുവരവ് കേരളത്തിലുണ്ടാക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം, ആവശ്യമെങ്കിൽ, കേന്ദ്രസഹായത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്. |

(സി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പ്രവാസി ക്ഷേമനിധി പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രവാസി കേരളീയ ക്ഷേമപദ്ധതിയുടെ പ്രവർത്തനം 2009 ഫെബ്രുവരി 28നാണ് ആരംഭിച്ചത്. പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതടക്കമുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടിയാന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികച്ചുമതലയും നൽകിയിട്ടുണ്ട്. ക്ഷേമനിധിയുടെ ഓഫീസ് തിരുവനന്തപുരത്ത് ജവഹർ നഗറിൽ ആരംഭിച്ചിട്ടുണ്ട്. അംഗത്വ രജിസ്ട്രേഷൻ പുരോഗമിച്ചുവരുന്നു.

(ഡി) എത്ര പ്രവാസികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട് ;

(ഡി) ക്ഷേമനിധിയിൽ 30-06-2009 വരെ 8650 പേർ അംഗങ്ങളാകാൻ അപേക്ഷ നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന ക്ഷേമനിധി പ്രവാസികളുടെ പുനരധിവാസമുൾപ്പെടെയുള്ള പദ്ധതികൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

(ഇ) പ്രവാസികൾക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന് ആധികാരിക വിവരങ്ങൾ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്ന് അപ്രകാരം ഒരു ക്ഷേമ പദ്ധതിയുടെ ആധികാരിക സ്ഥിരീകരണവും വിശദാംശങ്ങളും ലഭിച്ചാൽ മാത്രമേ ഇക്കാര്യം പരിശോധിക്കാനാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 16

08.09.09-ൽ
മറുപടിക്ക്

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ജെ. അരുന്ധതി<br>" പി. അയിഷാ പോറ്റി<br>ശ്രീ. ബി.ഡി. ദേവസ്സി<br>" എം. ജെ. ജേക്കബ്<br>" പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ). മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള ചില്ലറ വില്പന ശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.<br><br>കർശനമായ ധനകാര്യമാനേജ്മെന്റ് ഏർപ്പെടുത്തി. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി. വില്പനയും കണക്കും ഒത്തുനോക്കൽ, ശാസ്ത്രീയ ഇൻവെന്ററി സംവിധാനം, പർച്ചേസ് മാനേജ്മെന്റ് സംവിധാനം, നൂതന ശാസ്ത്രീയ വില നിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കിയത്, ഓരോ ഡിപ്പോക്കും പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവ കൊണ്ട് അഴിമതി രഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു. 2007-08 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ പ്രവർത്തന ലാഭം ചരിത്രത്തിലാദ്യമായി രേഖപ്പെടുത്തി. ഇത് 2008-09 സാമ്പത്തിക വർഷത്തിലും തുടർന്നു. ഇനിയും ഇത് തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2007-08 സാമ്പത്തിക വർഷത്തിൽ 17.46 കോടി രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 16.91 കോടി രൂപയും കോർപ്പറേഷന് ലാഭമുണ്ടായി. ഇതിനു പുറമേ കോർപ്പറേഷൻ ഏകദേശം 100 കോടിയോളം രൂപ നികുതിയിനത്തിൽ നൽകിയിട്ടുണ്ട്. കോർപ്പറേഷൻ ആവിഷ്കരിച്ച പുതിയ ഇൻവെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പു |

വരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ- ടെണ്ടർ, ഇ-പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനായി NCDEX. MCX തുടങ്ങിയ കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വില്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഗുണ നിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി. വാങ്ങിയ സാധന ങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിനു നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിലുള്ള അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 40 % വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും MRP യെക്കാൾ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു. ഉപഭോക്താ ക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസിലാക്കി കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്കു എത്തിച്ചേ രാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പന ശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ 4 ലക്ഷം രൂപയിൽ കൂടുതൽ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താനുള്ള ആവശ്യമായ നടപടി സ്വീകരിച്ചു. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ തുടങ്ങിയ വിൽപ്പന ശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, റാക്കുകൾ എന്നിവ ഏർപ്പെടുത്തി. എല്ലാ വിൽപ്പന ശാലകൾക്കും പുതിയ ബോർഡുകൾ സ്ഥാപിച്ച് ആകർഷകമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെ

| | | | |
|---|---|---|---|
| | | | സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/ പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്. സൂപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കു വാനുള്ള സൗകര്യ ഏർപ്പെടുത്തി. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറുവരവ് 2005-06 ൽ 701 കോടി രൂപയായിരുന്നത് 2008-09 ൽ 1851 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; നിലവിലുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വർഷം എത്ര മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 60 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയുടെ നിലവിലുള്ള മാവേലി സ്റ്റോറുകളിൽ 4 ലക്ഷം രൂപയ്ക്ക് മുകളിൽ പ്രതിമാസം വിറ്റു വരവുള്ളവയെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 250 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്താൻ തീരുമാനിച്ചി ട്ടുണ്ട്. |
| (സി) | മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 പുതിയ മൊബൈൽ മാവേലി സ്റ്റോറുകൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളിൽ നിത്യോപ യോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യനമ്പർ 17 08-09-2009-ലെ മറുപടിക്ക്

**ആസിയാൻ കരാർ ഉണ്ടാക്കുന്ന ഗുണദോഷങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, | ശ്രീ. വി.എസ്. അച്യുതാനന്ദൻ,<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി. |
| എ) ആസിയാൻ കരാർ കേരളത്തിന്റെ കാർഷിക, സാമ്പത്തിക മേഖലകളിൽ എന്തെങ്കിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ ഏതെല്ലാം വ്യവസ്ഥകൾ കാരണം പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നാണ് കരുതുന്നത്; വിശദീകരിക്കുമോ; | എ) ദക്ഷിണ-പൂർവേഷ്യൻ (ആസിയാൻ) രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരത്തിന് വ്യവസ്ഥചെയ്യുന്നതാണ് ഇന്തോ- ആസിയാൻ സ്വതന്ത്രവ്യാപാര കരാർ. ഈ കരാർവഴി കേരളത്തിന്റെ തനതുകൃഷി ഉൽപ്പന്നങ്ങളായ റബർ, നാളികേരം, കാപ്പി, തേയില, സുഗന്ധവ്യഞ്ജനങ്ങൾ, എന്നിവയും മത്സ്യം കയർ തുടങ്ങിയവയും അനിയന്ത്രിതമായി രാജ്യത്ത് ഇറക്കുമതി ചെയ്യും. ഇത് പരമ്പരാഗത കൃഷിമേഖലകളെയും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെയും തകർക്കും. മാത്രമല്ല, ഇത്തരത്തിൽ ഇറക്കുമതിചെയ്യുന്ന വിലകുറഞ്ഞതും ഗുണമേന്മ ഇല്ലാത്തതുമായ സുഗന്ധവ്യഞ്ജനങ്ങളും മറ്റുൽപ്പന്നങ്ങളും വിദേശ-ആഭ്യന്തര വിപണികളിൽ ഏറെപ്രിയമുള്ള കേരള ഉൽപ്പന്നങ്ങളുമായി കൂട്ടിച്ചേർത്തും കേരള ഉൽപ്പന്നങ്ങളെന്നപേരിലും ആഗോള-ആഭ്യന്തര വിപണിയിലെത്തും. വിലകുറഞ്ഞ ഇത്തരം ഉൽപ്പന്നങ്ങളോട് നമ്മുടെ തനത് ഉൽപ്പന്നങ്ങൾക്ക് പിടിച്ചുനിൽക്കാനാവില്ല. മാത്രമല്ല, ഗുണമേന്മ കുറഞ്ഞ ഈ ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്കുള്ള പ്രിയം ഇല്ലാതാക്കുകയും ചെയ്യും. |
| ബി) ഈ കരാറിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചുള്ള വിവരം കേരളം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ രേഖാമൂലം കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) വർഷങ്ങൾക്കുമുമ്പ് വിവിധഘട്ടങ്ങളിലായി രൂപപ്പെടുത്തിയ വിഷയങ്ങളാണ് പുതിയ കരാറിലേക്ക് എത്തിച്ചതെന്നും ആ | സി) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധഘട്ടങ്ങളിലായി കേരളത്തിന്റെ ആശങ്കകൾ കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |

| | |
|---|---|
| സമയങ്ങളിൽ കേരളത്തിന്റെ പ്രശ്നങ്ങൾ യഥാസമയം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| ഡി) ആസിയാൻ കരാറിന്റെ ഗുണദോഷങ്ങൾ ചർച്ചചെയ്യുന്നതിന് സർവകക്ഷി യോഗം വിളിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

അണ്ടർ സെക്രട്ടറി.

അനുബന്ധം - 1

**V. S. ACHUTHANANDAN**
**CHIEF MINISTER**
**KERALA**

D.O.No.375/VIP/CM/09 Dated: 27/07/2009

Dear Dr. Manmohan Singh Ji

State Government has learnt from the media that Central Government has decided to sign the much debated and widely criticized ASEAN Trade Agreement. ASEAN Trade Agreement has a number of provisions having far-reaching adverse impact on Kerala's agricultural economy. This pact is being signed when the already liberalized import regime has distorted the market prospects of coconut oil, pepper etc.

The Agreement will pave way for liberalized import of rubber, tea, pepper and edible oils, among other commodities. These are the very commodities on which Kerala always had an edge. With liberalized imports, prices of these commodities are bound to crash leading to a direct fall in the income of farmers. It is learnt that the Agreement in its present form does not have even the protection of a negative list, as was envisaged earlier. It provides for progressive reduction of import tariff on commodities imported from ASEAN countries. An area of equal concern is the liberalized import of sea food. It will throw more than a million people out of job from fisheries sector. Needless to say that the agricultural economy of the State will be in a shambles in a few years if Government of India proceeds with the signing of this Agreement.

It is a matter of serious concern that the views of the affected State Governments were not taken into account while formulating a trade pact of this magnitude. I am of the view that no trade interest can have precedence over the interest and well-being of the farmers. I need not remind you of the recent phase of widespread agrarian distress and its tragic consequences through which the country has passed. Such trade agreements and policies which are impervious and insensitive to the livelihood issues of people, are sure to spell doom in the lives of the farmers.

As an agreement, which has grave socio-economic consequences, particularly to Kerala farmers, the State Government has decided to request Government of India to reconsider the decision to sign ASEAN Trade Agreement.

I request you to take a personal interest in this crucial matter [illegible] from proceeding with the Agreement

With regards

Yours sincerely

(V. S. ACHUTHANANDAN)

Dr. Manmohan Singh
Hon. Prime Minister
Prime Minister's Office
South Block
New Delhi

Under Secretary

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16 | 6.9.2009 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ ;<br>ശ്രീ. സി.എം. ദിനേശ്മണി ;<br>ശ്രീ. എം.ജെ. ജേക്കബ് ;<br>ശ്രീ. എം.എം. മോനായി ;<br>ശ്രീ. എം.കെ. പുരുഷോത്തമൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) സ്മാർട്ട് സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നു. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുവാൻ വേണ്ട നടപടി എടുത്തിട്ടുണ്ട്. അപ്രോച്ച് റോഡുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. സ്മാർട്ട്സിറ്റിക്ക് നല്കിയ 132 ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും വിമുക്തമാക്കി. KSEB യിൽ നിന്നും ഏറ്റെടുത്ത 100.65 ഏക്കർ സ്ഥലത്തിന് മദ്ധ്യേ പോകുന്ന PWD റോഡ് ഡൈവർട്ട് ചെയ്യാനും KSEB യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിക്കാനും ഉള്ള അനുവാദവും പദ്ധതി ചെലവിന്റെ ഒരു ഭാഗവും വഹിക്കാമെന്നുള്ള സമ്മതവും സ്മാർട്ട് സിറ്റിയെ അറിയിക്കുകയുണ്ടായി. സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| ബി) പദ്ധതി നടപ്പാക്കുന്നതിന്റെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;<br><br>സി) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കു-ന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;<br><br>ഡി) ടീകോം അധികൃതരും സർക്കാരുമായുള്ള ചർച്ചയ്ക്ക് തീയതി നിശ്ചയിച്ചിട്ടുണ്ടോ ; | (ബി), (സി) ആന്റ് (ഡി)<br><br>സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്മാർട്ട്സിറ്റി, ടീകോം പ്രതിനിധികൾ ഈ സന്ദർഭത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിലെ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി ടീകോം പ്രതിനിധികൾ പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. |

| | |
|---|---|
| പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | ഇക്കാര്യത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ clause 5.4 സർക്കാർ മാനിക്കുമെന്ന് പലപ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം സർക്കാരുമായി 9.9.2009 ൽ ചർച്ച നടത്തുവാൻ ടീക്കോം അധികൃതരെ ക്ഷണിച്ചിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് പ്രൊജക്ട് മുന്നോട്ട് കൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യനമ്പർ 19 — 08-09-2009-ലെ മറുപടിക്ക്

<u>ആസിയാൻ കരാറിലെ വിവരങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ,<br>ശ്രീ. എൻ. അനിരുദ്ധൻ,<br>ശ്രീമതി ഇ.എസ്. ബിജിമോൾ,<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ,<br>ശ്രീ. രാജാജി മാത്യു തോമസ്. | ശ്രീ. വി.എസ്. അച്യുതാനന്ദൻ,<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി. |
| എ) ആസിയാൻ കരാറിനെ സംബന്ധിച്ച പൂർണവിവരങ്ങൾ സംസ്ഥാന ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;<br>ബി) ഈ കരാറിൽ ഏർപ്പെടുന്നതിനു മുമ്പായി കേന്ദ്രഗവണ്മെന്റ് സംസ്ഥാന സർക്കാരുമായി ഏതെങ്കിലുംവിധത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;<br>സി) ഈ കരാറിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് സംസ്ഥാന ഗവണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവിലയിരുത്തലുകളെക്കുറിച്ച് വ്യക്തമാക്കുമോ; | എ) കരാർ ഒപ്പിട്ടശേഷം ലഭിച്ചിട്ടുണ്ട്.<br>ബി) കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരുമായി ആസിയാൻ കരാർസംബന്ധിച്ച് ചർച്ചകളൊന്നും നടത്തിയിരുന്നില്ല.<br>സി) ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരം അനുവദിക്കുന്ന ഈ കരാർ സംസ്ഥാനത്തെ പരമ്പരാഗത കാർഷിക മേഖലയെ തകർക്കുമെന്നാണ് സർക്കാരിന്റെ നിലപാട്. കേന്ദ്ര ഗവണ്മെന്റിന്റെ ഉദാരവൽക്കരണനയത്തിലൂടെ കഷ്ടതയനുഭവിക്കുന്ന കാർഷിക, പരമ്പരാഗത മേഖലയുടെ പൂർണമായ തകർച്ചയായിരിക്കും ഇന്തോ-ആസിയാൻ സ്വതന്ത്ര വ്യാപാര കരാറിന്റെ പരിണിതഫലം. ഈകരാറിലൂടെ കേരളത്തിന് വാണിജ്യപ്രാധാന്യമുള്ള തനതുകാർഷിക ഉൽപന്നങ്ങളും സമുദ്രോൽപ്പന്നങ്ങളും യാതൊരു നിയന്ത്രണവും കൂടാതെ രാജ്യത്തിലേക്ക് ഇറക്കുമതി ചെയ്യും. ഇതുവഴി ന്യായമായ വിലയോ വിപണിയോ ലഭിക്കാതെ കർഷകർ ദുരിതത്തിലാകും. നിയന്ത്രണ മൊന്നു മില്ലാതെ പാമോയിൽ ഇറക്കുമതി ചെയ്യുമ്പോൾ വെളിച്ചെണ്ണയ്ക്ക് ന്യായവില ലഭിക്കാതെയാവുകയും നാളികേരകർഷകർ ദുരിതത്തിലാകുകയും ചെയ്യും. |

| | |
|---|---|
| ഡി) കരാറിലെ സംരക്ഷിത പട്ടികയിൽ സംസ്ഥാനത്തെ ഏതെല്ലാം ഇനത്തിലുള്ള ഉൽപന്നങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | ഡി) സ്വാഭാവിക റബർ, കൊപ്ര, നാളികേരം, ഡസിക്കേറ്റഡ് തേങ്ങ, കശുവണ്ടി, അടയ്ക്ക, കാപ്പി, തേയില, കുരുമുളക്, വാനില, ജാതി, ഏലം, ചില സമുദ്രോൽപ്പന്നങ്ങൾ, സംസ്കരിച്ച മത്സ്യം എന്നിവയാണ് നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്. ഓരോ വർഷവും ഇത് പുനഃപരിശോധനയുണ്ടാകും. ഈ ഉൽപ്പന്നങ്ങൾ സാധാരണപട്ടികയിലേക്ക് വരാനുള്ള സാധ്യത തള്ളിക്കളയാനാവുകയില്ല. |

അണ്ടർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 20 08/09/2009- ന് മറുപടിക്ക്

# ഫോറസ്റ്റ് അക്കാദമി

---

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീ. ബിനോയ് വിശ്വം<br><br>( വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ) |
| (എ) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനായി ഫോറസ്റ്റ് അക്കാദമി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. ഇതിനായി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) പദ്ധതി റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്താമോ; പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു; | (ബി) വനം വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിവിധ തലങ്ങളിലെ ഓഫീസർമാർക്ക് കാലാനുസൃതമാറ്റം ഉൾക്കൊണ്ട് കൊണ്ടുള്ള യോജിച്ച പരിശീലനം, വനം, പരിസ്ഥിതി എന്നിവയിൽ ശാസ്ത്രീയവും സാങ്കേതികവികസനപരവുമായ പരിശീലനം എന്നിവ നൽകുകയും ഇതോടൊപ്പം എല്ലാ തലത്തിലുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും വ്യക്തിത്വ വികസനം വളർത്തിയെടുക്കുകയുമാണ് ഫോറസ്റ്റ് അക്കാദമി വഴി ഉദ്ദേശിക്കുന്നത്. |

ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ഔട്ട് ഡോർ സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, കമ്പ്യൂട്ടർ സെന്റർ, ഡിസ്പെൻസറി, റിക്രിയേഷൻ റൂം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയ്ക്ക് ശമ്പളത്തിനും മറ്റ് ആവർത്തന ചിലവുകൾക്കുമായി ഉദ്ദേശം 3.76 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് ഉദ്ദേശം 13.73 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

സി) വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഏതെല്ലാം കേന്ദ്രങ്ങളിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

സി) വനമേഖലയുമായി ബന്ധപ്പെട്ട പഠനത്തിനും പരിശീലനത്തിനുമായി വാളയാർ, അരിപ്പ എന്നിവിടങ്ങളിൽ ഫോറസ്റ്റ് സ്കൂളുകളും, ഇൻസർവീസ് പരിശീലനം നൽകുന്നതിന് അരിപ്പയിൽ ഫോറസ്ട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, തിരുവനന്തപുരം പി.ടി.പി. നഗറിൽ ഫോറസ്ട്രി ട്രെയിനിംഗ് സെന്ററും പ്രവർത്തിച്ചു വരുന്നു. കൂടാതെ തൃശ്ശൂരിലെ പോലീസ് അക്കാദമിയിലും വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 21

08-09-2009 -ൽ മറുപടിയ്ക്ക്

### അളവുതൂക്കങ്ങളിലെ കൃത്രിമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വിൽപ്പനശാല കളിൽക്കൂടി ജനങ്ങൾക്ക് നൽകുന്ന ഉൽപന്നങ്ങളുടെ അളവിലും തൂക്കത്തിലും കൃത്രിമം വ്യാപകമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കൃത്രിമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം പ്രവണത ഫലപ്രദമായി തടയുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; | (ബി) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അളവ്തൂക്ക നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ജാഗ്രതയോടെ പ്രവർത്തിച്ചു വരുന്നു. നിയമാനുസൃത മല്ലാത്തതും, യഥാസമയം, മുദ്ര പതിപ്പിക്കാ ത്തതുമായ അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുക, അളവ്തൂക്ക ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുക, അളവിലും തൂക്കത്തിലും കുറച്ച് വില്പന നടത്തുക, പാക്കേജ്ഡ് കമ്മോഡിറ്റി റൂളിന്റെ ലംഘനം നടത്തുക തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിൽ സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും നടത്തുകയും കുറ്റക്കാർ |

ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ 11 ജില്ലകളിലും അസിസ്റ്റന്റ് കൺട്രോളർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫ്ളൈയിംഗ്സ്ക്വാഡുകൾ മിന്നൽ പരിശോധനകൾ നടത്തി അളവ്തൂക്ക നിയമങ്ങൾ ലംഘിക്കുന്ന കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

2008 ഏപ്രിൽ മുതൽ 2009 മാർച്ച് വരെ സ്റ്റാൻഡേർഡ്സ് ഓഫ് വെയിറ്റ്സ് & മെഷേഴ്സ് (എൻഫോഴ്സ്മെന്റ് ) ആക്ട്, പാക്കേജ്ഡ് കമോഡിറ്റി റൂൾസ് എന്നിവ പ്രകാരം 24824 കേസുകൾ കണ്ടെത്തി 5,07,53,050/- രൂപ രാജിഫീസ് ഈടാക്കിയിട്ടുണ്ട്. 2009 ഏപ്രിൽ മുതൽ ജൂലൈ വരെ 5025 കേസുകൾ കണ്ടെത്തി. 1,01,57,750/- രൂപ രാജിഫീസ് ഈടാക്കിയിട്ടുണ്ട്.

(സി) ഭാവിയിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) പരിശോധനകൾ കൂടുതൽ ഊർജ്ജിതമാക്കു ന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ 11 ജില്ലകളിൽ മിന്നൽ പരിശോധനകൾ നടത്തുന്ന തിനായി ഫ്ളൈയിംഗ് സ്ക്വാഡുകൾ നിലവിലുണ്ട്. ഫ്ളൈയിംഗ് സ്ക്വാഡുകൾ ഇല്ലാത്ത 3 ജില്ലകളിൽക്കൂടി ഫ്ളൈയിംഗ് സ്ക്വാഡുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. എറണാകുളത്ത് കാക്കനാട്ടുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ഒരു റഫറൽ ലാബായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -22 | 8.9.2009 - ൽ മറുപടിക്ക്.

**<u>ഉത്സവ കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ നടപടി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. ബാബു പോൾ**<br>**ശ്രീ. എൻ. രാജൻ**<br>**ശ്രീ. വി.എസ്. സുനിൽകുമാർ**<br>**ശ്രീ. എ.കെ. ചന്ദ്രൻ**<br>**ശ്രീ. മാങ്കോട് രാധാകൃഷ്ണൻ** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി )** |
| (എ) ഉത്സവ കാലങ്ങളിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (എ) ഉത്സവ കാലങ്ങളിൽ പൊതു വിപണിയിലുണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയെക്കാൾ ശരാശരി 40 ' വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. അരി വില വർദ്ധനയെ തുടർന്ന് എല്ലാ വിൽപ്പനശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്ത് വരുന്നു. 2009 ജൂലൈ മാസം വരെ 1,49,360 ടൺ അരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ 1 കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നുവെന്നതിന്റെ ഉത്തമോദാഹരണമാണ്.<br>ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന |

ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയമായ വില നിർണ്ണയ സംവിധാനം ഏർപ്പെടുത്തുകവഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. ഗോതമ്പിന്റെ വില വർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. എ.ആർ.ഡി. ശബരി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതു വിപണി വിലകളെ നിയന്ത്രിക്കാൻ സാധിക്കുകയും ചെയ്തു. വിലക്കുറവിന്റെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനായി 250 സൂപ്പർ മാർക്കറ്റുകളും 50 മാവേലി സ്റ്റോറുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കാനും അതുവഴി വിപണിവിഹിതം 35% ആയി വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള ഇത്തരം സംവിധാനങ്ങൾക്കു പുറമേ ഈ ഓണക്കാലത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒരു മാർക്കറ്റെങ്കിലും എന്ന കണക്കിൽ ഓണച്ചന്തകൾ ആരംഭിച്ചു. എല്ലാ സിറ്റി കോർപ്പറേഷനുകളിലും ഓണം മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ ടൗൺ പീപ്പിൾസ് ബസാറുകളും മറ്റ് താലൂക്ക് ആസ്ഥാനങ്ങളിൽ ഓണം മാർക്കറ്റുകളും പ്രവർത്തിപ്പിച്ചു. ഇതിനു പുറമേ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ വിൽപ്പന ശാലകളും മിനി ഫെയറുകളായി പ്രവർത്തിച്ചിരുന്നു. ഇത്തരത്തിൽ 1400 ഓളം വിൽപ്പനശാലകളിലൂടെ

അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ വിൽപ്പന വഴി വിപണിയിലെ വിലനിലവാരം നിയന്ത്രിക്കാനായി. ഇതിനു പുറമെ ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും സൗജന്യമായി ഓണക്കിറ്റുകൾ വിതരണം നടത്തി. അരി, പഞ്ചസാര, തേയില, മുളക് എന്നിവയാണ് ഈ സൗജന്യ കിറ്റിൽ ഉണ്ടായിരുന്നത്. കൂടാതെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 12 കിലോഗ്രാം അരി വീതം സൗജന്യമായി നൽകിയിരുന്നു. ഇതു കൂടാതെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുന്നതിന് റെയ്ഡുകളും പരിശോധനകളും ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്താകെ ജനസംഖ്യയുടെ എത്ര ശതമാനം ഇപ്പോൾ സപ്ലൈകോ വിൽപന ശാലകളെ ആശ്രയിക്കുന്നുണ്ടെന്നു വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; ഇത് വർദ്ധിപ്പിക്കാൻ പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 35 ശതമാനത്തോളം ജനങ്ങളാണ് ഇപ്പോൾ സ്ഥിരമായി സപ്ലൈകോ വിൽപ്പനശാലകളെ ആശ്രയിച്ചു വരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ഹൈപ്പർ മാർക്കറ്റ്, 250 സൂപ്പർ മാർക്കറ്റുകളും, 50 മാവേലി സ്റ്റോറുകളും, 25 മെഡിക്കൽ സ്റ്റോറുകളും തുറക്കുക വഴി വിപണിവിഹിതം ഇനിയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സപ്ലൈകോയിൽ ഇപ്പോൾ നൽകി വരുന്ന സബ്സിഡി കൂടുതൽ ഇനങ്ങൾക്കു നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ ഓരോ ഇനത്തിനും നല്കി വരുന്ന സബ്സിഡി എത്ര വീതമാണെന്നും കൂടുതലായി ഏതെല്ലാം ഇനങ്ങൾക്കു നൽകാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(സി) അരിക്കും 13 ഇനം പലവ്യഞ്ജനങ്ങൾക്കുമാണ് ഇപ്പോൾ സബ്സിഡി നൽകി വരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഓരോ മാസവുമുള്ള പലവ്യഞ്ജനങ്ങളുടെ വാങ്ങൽ വിലയുടെയും വിൽപ്പന വിലയുടേയും അടിസ്ഥാനത്തിലാണ് അവയുടെ സബ്സിഡി നിശ്ചയിക്കുന്നത്. എന്നാൽ അരി കിലോഗ്രമിന് 3 രൂപ സബ്സിഡിയായി നൽകുന്നുണ്ട്. കൂടുതൽ ഇനങ്ങൾക്ക് സബ്സിഡി നൽകാനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

| | |
|---|---|
| (ഡി) 2009-2010 സാമ്പത്തിക വർഷത്തിൽ സപ്ലൈകോ വഴി മാർക്കറ്റ് ഇടപെടൽ നടത്താൻ സർക്കാർ എത്ര തുക നീക്കി വച്ചു ; ഈ തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ അതു വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഈ സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 40 കോടി രൂപയാണ് എല്ലാ പ്രവർത്തനങ്ങൾക്കും കൂടി ലഭിച്ചത്. ഈ തുക പര്യാപ്തമല്ല. ഓരോ മാസവും ഏകദേശം പത്ത് കോടിയോളം രൂപ സബ്സിഡി ഇനത്തിൽ ചെലവാകുന്നുണ്ട്. സബ്സിഡി വർദ്ധിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 23 | 8.9.2009 ൽ<br>മറുപടിയ്ക്ക് |

## <u>വിലക്കയറ്റം നിയന്ത്രിക്കാൻ ഓണച്ചന്തകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം.പുതുശ്ശേരി;<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് 2009 ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ വേണ്ടി എത്ര ഓണച്ചന്തകൾ പ്രവർത്തിപ്പിച്ചുവെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ; | എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ 2009 ഓണക്കാലത്ത് പ്രവർത്തിച്ചിരുന്ന ഓണച്ചന്തകളുടെ (പീപ്പിൾസ് ബസാറുകൾ ഉൾപ്പെടെ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | | പ്രത്യേക ചന്തകളുടെ എണ്ണം |
|---|---|---|
| 1. തിരുവനന്തപുരം | - | 13 |
| 2. കൊല്ലം | - | 12 |
| 3. പത്തനംതിട്ട | - | 8 |
| 4. ആലപ്പുഴ | - | 12 |
| 5. കോട്ടയം | - | 12 |
| 6. ഇടുക്കി | - | 5 |
| 7. എറണാകുളം | - | 15 |
| 8. തൃശ്ശൂർ | - | 14 |
| 9. പാലക്കാട് | - | 11 |
| 10. മലപ്പുറം | - | 12 |
| 11. കോഴിക്കോട് | - | 12 |
| 12. വയനാട് | - | 3 |
| 13. കണ്ണൂർ | - | 10 |
| 14. കാസർഗോഡ് | - | 5 |

മേൽപറഞ്ഞ പ്രത്യേക ചന്തകൾക്ക് പുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ അവശ്യസാധന വില്പനശാലകളും ശബരി സ്റ്റോറുകളും മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഓണച്ചന്തകളും അടക്കം 3000ത്തോളം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഷോപ്പുകളിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് വിൽപ്പനയ്ക്ക് സജ്ജമാക്കിയിരുന്നത് ; | ബി) | പ്രത്യേക ഓണച്ചന്തകളിൽ അവശ്യ സാധനങ്ങൾക്ക് പുറമെ പച്ചക്കറിയും വിൽപ്പന നടത്തിയിട്ടുണ്ട്. |
| സി) | ഏതെങ്കിലും ഉൽപ്പന്നങ്ങൾക്ക് ദൗർലഭ്യം നേരിട്ടോ ; എങ്കിൽ അവ ഏതൊക്കെയെന്നു വ്യക്തമാക്കുമോ ; | സി) | ഇല്ല. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് നടപ്പാക്കിയതുവഴി എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. |
| ഡി) | വരും വർഷങ്ങളിൽ കൂടുതൽ ഓണച്ചന്തകൾ പ്രവർത്തന സജ്ജമാക്കുന്നകാര്യം പരിഗണിക്കുമോ ; | ഡി) | വരും വർഷങ്ങളിൽ പൊതുജനങ്ങളുടെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് വഴി ഓണച്ചന്തകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതാണ്. |
| ഇ) | പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്നുറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ ? | ഇ) | അവശ്യ സാധനങ്ങൾ മിതമായ നിരക്കിലാണ് ഇപ്പോൾ വിതരണം ചെയ്തു വരുന്നത്. പൊതു വിപണിയേക്കാൾ 40% വരെ വിലക്കുറവിലാണ് അരി മുതൽ പൊടെയുള്ള പലവ്യഞ്ജന സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് ആവശ്യമായ മറ്റ് ഉൽപ്പന്നങ്ങളും MRP യെക്കാൾ വളരെ കുറഞ്ഞ വിലയിലാണ് വിൽപ്പന നടത്തുന്നത്. ഓണത്തോടനുബന്ധിച്ച് ഏകദേശം 250 കോടി രൂപയുടെ വിറ്റു വരവുണ്ടായിട്ടുണ്ട്. ഇതിന് 20 കോടി രൂപ സബ്സിഡി ഇനത്തിൽ ചെലവായതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍ 24 | 8.9.2009 ല്‍ മറുപടിയ്ക്ക്

## ടെക്നോലോഡ്ജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദു റഹിമാന്‍ രണ്ടത്താണി ;<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് ; | | ശ്രീ. വി.എസ്. അച്ചുതാനന്ദന്‍<br>(മുഖ്യമന്ത്രി) |
| എ) | ടെക്നോലോഡ്ജ് രൂപത്തില്‍ ഗ്രാമീണ ഐ.ടി പാര്‍ക്കുകള്‍ സംസ്ഥാനത്ത് സ്ഥാപിക്കാന്‍ പദ്ധതി നിലവിലുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കില്‍ ഇത് എവിടെയെല്ലാം സ്ഥാപിച്ചു ; അതിന്റെ പ്രവര്‍ത്തനം എന്നുമുതല്‍ ആരംഭിച്ചു ; | ബി) | കൊല്ലം ജില്ലയിലെ പെരിനാട്, കടയ്ക്കല്‍ എന്നീ ഗ്രാമപഞ്ചായത്തുകളില്‍ പൈലറ്റ് അടിസ്ഥാനത്തില്‍ ഈ പദ്ധതി ആരംഭിക്കുവാന്‍ ഭരണാനുമതി നല്‍കിയിട്ടുണ്ട്. മേല്‍പ്പറഞ്ഞ ഗ്രാമപഞ്ചായത്തുകള്‍ സൗജന്യമായി ലഭ്യമാക്കിയ കെട്ടിടങ്ങള്‍ ഈ പദ്ധതിക്കായി സജ്ജമാക്കി വരുന്നു. ഈ വര്‍ഷം തന്നെ ഇതിന്റെ പ്രവര്‍ത്തനം ആരംഭിക്കുന്നതാണ്. |
| സി) | ടെക്നോലോഡ്ജ് പദ്ധതി നടപ്പില്‍ വരുത്തുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | സി) | കുറഞ്ഞ പ്രവര്‍ത്തന ചെലവ്, കുറഞ്ഞ നിരക്കിലുള്ള ജീവനക്കാരുടെ ലഭ്യത, കുറഞ്ഞ നിരക്കിലുള്ള ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക്, കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന സൗകര്യ ലഭ്യത എന്നീ അനുകൂല ഘടകങ്ങള്‍ കാരണം ഐ.ടി/ഐ.ടി.ഇ.എസ്/ബി.പി.ഒ കമ്പനികളെ തങ്ങളുടെ പ്രവര്‍ത്തനം ചെറിയ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന് പ്രചോദനം നല്‍കിയിട്ടുണ്ട്. ഈ അനുകൂല സാധ്യതകളെ പ്രയോജനപ്പെടുത്തി ഗ്രാമപ്രദേശങ്ങളിലെ അഭ്യസ്തവിദ്യര്‍ക്കും തൊഴില്‍ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടെക്നോലോഡ്ജ് എന്ന പദ്ധതിക്ക് സര്‍ക്കാര്‍ രൂപം നല്‍കിയത്. ഇതിനായി ഏകദേശം 10000 ചതുരശ്ര അടി ബില്‍റ്റ് അപ് ഏരിയായുള്ള കെട്ടിടമോ കുറഞ്ഞത് ഒരേക്കര്‍ ഭൂമിയോ സൗജന്യമായി ലഭ്യമാക്കണം. ഉപയോഗിക്കാതെ കിടക്കുന്ന പഴയ സര്‍ക്കാര്‍/പഞ്ചായത്ത് വക കെട്ടിടങ്ങളും സ്ഥലങ്ങളുമാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. |

| | | |
|---|---|---|
| ഡി) | ആകെ എത്ര ടെക്നോലോഡ്ജുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; | (ഡി) യും (ഇ) യും. |
| ഇ) | ഇവ എന്നത്തേക്ക് സ്ഥാപിക്കാൻ സാധിക്കും ; | കൊല്ലം ജില്ലയിൽ പെരിനാട്, കടയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്ന ഈ പദ്ധതി വിജയകരമാണെന്ന് കണ്ടാൽ മറ്റു ജില്ലകളിൽ കൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| എഫ്) | പദ്ധതിക്കു കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; | എഫ്) ജില്ലകളിൽ ഐ.ടി. പാർക്കുകൾ തുടങ്ങാൻ 2007-08 ൽ ഒറ്റത്തവണ കേന്ദ്ര സഹായമായി 10 കോടി രൂപാ ലഭിച്ചതിൽ ഒരു ഭാഗം ഈ പദ്ധതിക്കായി ഉപയോഗിക്കുന്നുണ്ട്. |
| ജി) | ഇതിൽ എത്രപേർക്കു ജോലി സാധ്യത ഉണ്ടെന്നാണ് സർക്കാർ കരുതുന്നത് ? | ജി) ധാരാളം ജോലിസാധ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യനമ്പർ 25 — 08-09-2009-ലെ മറുപടിക്ക്

**ആസിയാൻ കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ,<br>ശ്രീമതി കെ. കെ. ലതിക,<br>ശ്രീ. കെ. ടി. ജലീൽ,<br>ശ്രീ. അൽഫോൺസ് കണ്ണന്താനം,<br>ശ്രീ. എം. ഹംസ. | ശ്രീ. വി.എസ്. അച്യുതാനന്ദൻ,<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി. |
| എ) കേന്ദ്രസർക്കാർ ആസിയാൻ കരാർ ഒപ്പിടുന്നതിനുമുമ്പ് സംസ്ഥാനസർക്കാരുമായി ചർച്ചനടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | എ) ഇല്ല. |
| ബി) ഈ കരാർ ഒപ്പിടുന്നതിനുമുമ്പ് കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാനസർക്കാരുമായി ചർച്ചനടത്തണമെന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നോ; | ബി) ആവശ്യപ്പെട്ടിരുന്നു. |
| സി) എങ്കിൽ ഇക്കാര്യത്തിൽ പ്രധാനമന്ത്രി എന്തെങ്കിലും ഉറപ്പുനൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | സി) കരാർ ഒപ്പിടുമ്പോൾ സംസ്ഥാനതാൽപര്യം സംരക്ഷിക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. |
| ഡി) സംസ്ഥാനത്തിനുനൽകിയ ഉറപ്പിനു വിരുദ്ധമായി കരാർ ഒപ്പിടുകയും കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്നരീതിയിൽ ഇറക്കുമതി അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിന്റെ പ്രതിഷേധം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ? | ഇ) കരാർ സംബന്ധിച്ച് പഠനം നടത്തുന്നതാണെന്നും അതിൽ കേരളത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 26

08.09.09 ൽ മറുപടിക്ക്

### റേഷൻ സാധനങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ്<br>" യു.സി. രാമൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും പഞ്ചസാരയും മുഴുവനും എടുക്കുന്നുവെന്നും അത്രയും കാർഡുടമകൾക്ക് വിതരണം ചെയ്യുന്നുവെന്നും ഉറപ്പുവരുത്താൻ വേണ്ടത്ര പരിശോധന ഊർജ്ജിതമാക്കുമോ; | (എ) സംസ്ഥാനത്തെ റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും പഞ്ചസാരയും മുഴുവനും എടുക്കുന്നുവെന്നും കാർഡുടമകൾക്ക് വിതരണം ചെയ്യുന്നുവെന്നും ഉറപ്പ് വരുത്തുവാൻ വേണ്ടത്ര പരിശോധന നടത്തിവരുന്നുണ്ട്. |
| (ബി) എങ്കിൽ വിതരണത്തിലും സംഭരണത്തിലും കൃത്രിമം കാണിച്ച എത്ര കടയുടമകളുടെ പേരിൽ ഈ വർഷം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;<br><br>(സി) ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി)യും (സി)യും<br><br>സംഭരണത്തിലും വിതരണത്തിലും ക്രമക്കേട് കാണിച്ച 7618 റേഷൻ കടകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ 199 ചില്ലറ/മൊത്ത വ്യാപാര ഡിപ്പോകളുടെ അംഗീകാരം താല്ക്കാലികമായി റദ്ദ് ചെയ്യുകയും 4 റേഷൻ കടകളുടെ അംഗീകാരം സ്ഥിരമായി റദ്ദു ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾ കണ്ടെത്തിയ റേഷൻ കട ലൈസൻസികൾക്ക് പരിശോധനയിൽ കുറവ്/കൂടുതൽ/ ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ ഇക്കണോമിക്ക് നിരക്കിലുള്ള വിലയും ജാമ്യ സംഖ്യ മുഴുവനും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

—⇒

(ഡി) റേഷൻ കടകൾ വഴി ന്യായവിലയ്ക്ക് കാർഡുടമകൾക്ക് വിതരണം നടത്തുന്നതിന് നല്കുന്ന വസ്തുക്കൾ മറിച്ചുവിറ്റു കൊള്ള ലാഭം കൊയ്യുന്നവർക്കെതിരെ നടപടികൾ കർശനമാക്കുന്നതിനും അഴിമതി തടയുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

(ഡി) റേഷൻ കട വഴി വിതരണം നടത്തുന്ന റേഷൻ സാധനങ്ങൾ കൃത്യമായി കാർഡുടമകൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ നിലവിൽ സംസ്ഥാന തല സർപ്രൈസ് സ്ക്വാഡും, ജില്ലാ, താലൂക്ക് തല സ്ക്വാഡുകളും സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിലുള്ള പരിശോധനാ സ്ക്വാഡും പ്രവർത്തിച്ച് വരുന്നുണ്ട്. പരിശോധനയിൽ ക്രമക്കേട് കണ്ടെത്തുന്ന റേഷൻ വ്യാപാരികൾക്ക് എതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 27** **08 - 09 - 2009 ൽ മറുപടിക്ക്**

## സാമ്പത്തിക മാന്ദ്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ.വി. ചെന്താമരാക്ഷൻ:<br>ശ്രീ. കെ.ടി. ജലീൽ: | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട എത്ര പ്രവാസികൾ സംസ്ഥാനത്ത് മടങ്ങിയെത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കുമോ; | (എ) ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പൂർണമായ കണക്ക് ലഭ്യമല്ല. എന്നാൽ ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ കേരളീയരുടെ വിവരശേഖരണം ഏപ്രിൽ 2009 മുതൽ നോർക്ക - റൂട്ട്സ് ആരംഭിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സിൽ 31.08.09 വരെ 1116 പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവരുടെ ക്ഷേമത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (ബി) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് മടങ്ങിയെത്തിയിട്ടുള്ള പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ പുതിയതായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജിന് കേരള ഫിനാഷ്യൽ കോർപ്പറേഷൻ രൂപം നൽകുന്നതും ഇതിനായി 100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതുമാണ്. ഈ തിരിച്ച്വരവ് കേരളത്തിലുണ്ടാക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്ക് വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപംകൊടുത്ത പാക്കേജിന്റെ പ്രയോജനം എത്ര പ്രവാസികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; | (സി) നിലവിൽ ധനസഹായത്തിനായി പ്രവാസി മലയാളികളിൽ നിന്ന് നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഏകദേശം 170 ൽ പരം സംരംഭകർ കെ. എഫ്. സി യുടെ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രവാസി ക്ഷേമനിധിയിൽ ഇതിനകം എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അർഹരായ എല്ലാ പ്രവാസികളേയും ക്ഷേമനിധിയിൽ അംഗമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പ്രവാസി ക്ഷേമനിധിയിൽ 30.08. 2009 വരെ 8650 പേർ അംഗങ്ങളായി ചേരുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. അർഹരായ എല്ലാ പ്രവാസികൾക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 28

08-09-2009 -ൽ മറുപടിയ്ക്ക്

ഉപഭോക്താക്കളുടെ അവകാശങ്ങൾ

ചോദ്യം

ശ്രീ. വി.സുരേന്ദ്രൻ പിള്ള :

(എ) ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

ശ്രീ. സി.ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പല നടപടികളും കൈക്കൊണ്ടു വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ല കളിലും ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാ ക്കുന്നതിന് ഉതകുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും ഹ്രസ്വ ചിത്രങ്ങൾ നിർമ്മിച്ച് വിവിധ ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനു പുറമേ ഉപഭോക്തൃസംരക്ഷണത്തി നും, തർക്കപരിഹാരത്തിനുമുള്ള ഒരു ബദൽ സംവിധാനമായി ആരംഭിച്ച കൺസ്യൂമർ ഹെൽപ്പ് ലൈൻ എന്ന പദ്ധതി കൂടുതൽ വിപുലീകരിച്ച് ഉപഭോക്താക്കളുടെ എല്ലാ മേഖലയിലേയും പരാതികൾക്ക് ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങൾക്ക് പുറത്ത് പരിഹാരം കാണുന്നതിനുള്ള ഒരു സംവിധാനമായി മാറ്റാനും ഉദ്ദേശിക്കുന്നുണ്ട്. ഉപഭോക്തൃസംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം

പരിഗണനയിലുണ്ട്. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി ലഘുലേഖകൾ പുനഃപ്രസിദ്ധീകരിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ കൗൺസിലും (സംസ്ഥാന കൗൺസിൽ) പുനർ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ബോധവത്ക്കരണ ക്ളാസ്സുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

| | |
|---|---|
| (ബി) എന്തൊക്കെ വിവരങ്ങളാണ് ജനങ്ങൾക്ക് ഈ പുതിയ സംവിധാനം മൂലം ലഭ്യമാകുക ; വിശദാംശം വെളിപ്പെടുത്താമോ ? | (ബി) ഉപഭോക്താക്കളുടെ അവകാശങ്ങളെ ക്കുറിച്ചും, ഉല്പന്നങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഉപഭോക്താക്കൾ ക്കുള്ള പരാതികളും, തർക്കങ്ങളും പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ഇതിലൂടെ ജനങ്ങളിലെത്തിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *29 08.09.2009 -ൽ മറുപടിയ്ക്ക്

**'ഹരിതകേരളം' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ:<br>ശ്രീമതി.ജെ.. അരുന്ധതി:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 'ഹരിതകേരളം' പദ്ധതി നടപ്പാക്കു ന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ പദ്ധതിപ്രകാരം ഇതുവരെ എത്ര വൃക്ഷത്തൈകൾ നട്ടിട്ടുണ്ട് ; | (എ) കേരളത്തിലെ പഞ്ചായത്തുകൾ വഴി വനേതര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായി വനം വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതി 2009 ജൂൺ 5 ന് തുടക്കം കുറിച്ചു. പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 70 നഴ്സറികളിലായി തദ്ദേശീയമായ വിവിധയിനം വൃക്ഷതൈകൾ തയ്യാറാക്കി പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നാഷണൽ ബാംബുമിഷന്റെ ഫണ്ടുപയോഗിച്ച് വിവിധ വി.എസ്.എസുകൾ ഉൽപ്പാദിപ്പിച്ചിട്ടുള്ള 12 ലക്ഷം മുള തൈകളും, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ഫണ്ടുപയോഗിച്ച് ഉൽപ്പാദിപ്പിച്ചിട്ടുള്ള 3.4 ലക്ഷം ഔഷധ സസ്യങ്ങളുടെ തൈകളും, ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 31.247 ലക്ഷം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനായി 999 പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വൃക്ഷത്തൈകളുടെ സംരക്ഷണത്തിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിചരണപരിപാലന പ്രവൃത്തികളുടെ ചുമതല അതാത് പഞ്ചായത്തുകൾക്കാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചാണ് ഈ പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. |
| (സി) | ഈ വർഷം എത്ര വൃക്ഷത്തൈകൾ നടാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) | ഹരിത കേരളം പദ്ധതി പ്രകാരം രണ്ടു വർഷം കൊണ്ട് (2009-10, 2010-11) പൊതുജന പങ്കാളിത്തത്തോടെ ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് വിവിധ പദ്ധതികളിലൂടെ എത്ര വൃക്ഷത്തൈകൾ നട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ? | (ഡി) | സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കിവരുന്ന എന്റെ മരം, നമ്മുടെ മരം, വഴിയോരതണൽ, ഹരിതതീരം, ഫാം ഫോറസ്റ്ററി, ഹരിതകേരളം എന്നീ പദ്ധതികളിലൂടെ മൊത്തം 107.49 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടിട്ടുണ്ട്. ഇതു കൂടാതെ വനവൃക്ഷത്തോട്ടങ്ങളിൽ അടച്ചുമുറി നടത്തിയ സ്ഥലങ്ങളിലെ വനവൽക്കരണത്തിനു പ്രക്ഷീണ വന പ്രദേശങ്ങളിലെ പുനരുദ്ധാരണ പ്രവർത്തനത്തിനും മറ്റുമായി 48.30 ലക്ഷം വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 30

08.09.09-ൽ മറുപടിക്ക്

### അവശ്യ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായുള്ള പരാതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ഷാജു<br>" കെ.ബി. ഗണേഷ് കുമാർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ സംരംഭങ്ങളായ സപ്ലൈകോ കൺസ്യൂമർഫെഡ് എന്നീ ഔട്ട്‌ലെറ്റുകൾ വഴി സാധാരണ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള അവശ്യ സാധനങ്ങൾ വൻതോതിൽ കരിഞ്ചന്തയിൽ വിൽക്കുന്നതായുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ)യും (ബി)യും<br><br>സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി സാധാരണ ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതായ അവശ്യസാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽ പ്പെടുന്ന മുറയ്ക്ക് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കി ഓണ ചന്തകളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ചില ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. തക്ക സമയം തന്നെ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ